2025 APRIL
21
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper







## വിയറ്റ്നാമിലേക്കും ബ്രഹ്മോസ് മിസൈലുകൾ; 59,771 കോടി രൂപയുടെ കയറ്റുമതിക്ക് ഇന്ത്യ

**ന്യൂഡൽഹി:** ഫിലിപ്പീൻസിനു പിന്നാലെ വിയറ്റ്നാമിലേക്കും ബ്രഹ്മോസ് മിസൈലുകൾ കയറ്റി അയയ്ക്കാൻ ഒരുങ്ങുന്നതായി റിപ്പോർട്ട്. ആയുധ കരാറുമായി ബന്ധപ്പെട്ട ചർച്ചകൾ വിജയിച്ചെന്നും വരുംമാസങ്ങളിൽ കരാറിൽ ഒപ്പിട്ടേക്കുമെന്നാണ് വിവരം. 59,771 കോടി രൂപയുടെ കയറ്റുമതി നടത്താനാണ് ഇന്ത്യയും വിയറ്റ്നാമും ശ്രമിക്കുന്നത്.ഇന്ത്യയുടെ ബ്രഹ്മോസ് മിസൈലുകൾ വാങ്ങാൻ വിദേശ രാജ്യങ്ങൾ; ഇനി ശബ്ദത്തിന്റെ ആറിരട്ടി വേഗമുള്ള ബ്രഹ്മോസ് കക ദക്ഷിണ ചൈന കടലിലെ സംഘർഷം വർധിച്ചുവരുന്ന സാഹചര്യത്തിൽ വിയറ്റ്നാമിന്റെ സമുദ്രസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് ഇന്ത്യയിൽനിന്ന് ബ്രഹ്മോസ് മിസൈൽ വാങ്ങാനൊരുങ്ങുന്നത്. നിലവിൽ ചൈനയുടെ ആക്രമണങ്ങളെ പ്രതിരോധിക്കാനുള്ള ആയുധങ്ങൾ വിയറ്റ്നാമിന്റെ കൈവശമില്ല. കരാർ യാഥാർഥ്യമായാൽ ബ്രഹ്മോസ് സ്വന്തമാക്കുന്ന രണ്ടാമത്തെ രാജ്യമായി വിയറ്റ്നാം മാറും. സുഖോയ് യുദ്ധവിമാനങ്ങൾ കയറ്റുമതി ചെയ്യാൻ ഇന്ത്യ; തീരുമാനം മോദി-പുട്ടിൻ ചർച്ചയെ തുടർന്ന് മലേഷ്യ, പശ്ചിമേഷ്യയിലെയും ദക്ഷിണ അമേരിക്കയിലെയും ചില രാജ്യങ്ങൾ എന്നിവ ബ്രഹ്മോസ് വാങ്ങുന്നതിൽ താൽപര്യം കാണിച്ചിട്ടുണ്ട്. 290 കിലോമീറ്റർ പരിധിയിൽ ആക്രമണം നടത്തുന്ന ലോകത്തിലേറ്റവും വേഗമേറിയ സൂപ്പർ സോണിക് മിസൈലാണ് ബ്രഹ്മോസ്. ഇന്ത്യയും റഷ്യയും സംയുക്തമായാണ് ബ്രഹ്മോസ് മിസൈൽ വികസിപ്പിച്ചെടുത്തത്. നിലവിൽ 600 കിലോമീറ്റർ വരെ ദൂരപരിധിയിൽ ആക്രമണം നടത്താൻ കഴിയുന്ന ബ്രഹ്മോസ് വികസിപ്പിച്ചെടുക്കാനുള്ള ശ്രമത്തിലാണ് ഇന്ത്യ.



## ദക്ഷിണാഫ്രിക്കയിലെ 8 ചീറ്റകൾ ഇന്ത്യയിലേക്ക്; 4 എണ്ണം അടുത്തമാസമെത്തും

**ഭോപാൽ:** ദക്ഷിണാഫ്രിക്കയിലെ ബോട്സ്വാനയിൽനിന്നു എട്ട് ചീറ്റകളെ ഇന്ത്യയിലെത്തിക്കും. രണ്ട് ഘട്ടങ്ങളിലായി ചീറ്റകളെ ഇന്ത്യയിലെത്തിക്കാനാണ് നീക്കം. ഇതിൽ നാല് ചീറ്റകളെ മേയ് മാസത്തോടെ എത്തും. കെനിയയിൽനിന്നു ചീറ്റകളെ കൊണ്ടുവരാനുള്ള ചർച്ചകളും പുരോഗമിക്കുകയാണ്.

രാജ്യത്ത് ഇതുവരെ 12 കോടിയിലധികം രൂപയാണ് ചീറ്റകൾക്കു വേണ്ടി ചെലവഴിച്ചിരിക്കുന്നത്. അതിൽ 67 ശതമാനവും മധ്യപ്രദേശിലെ ചീറ്റകളുടെ പുനരധിവാസത്തിനായാണ് ചെലവഴിച്ചത്. പ്രൊജക്റ്റ് ചീറ്റയ്ക്ക് കീഴിൽ, ചീറ്റകളെ ഘട്ടംഘട്ടമായി ഗാന്ധി സാഗർ സങ്കേതത്തിലേക്ക് മാറ്റും. രാജസ്ഥാന്റെ അതിർത്തിയോട് ചേർന്നാണ് ഗാന്ധി സാഗർ സങ്കേതം സ്ഥിതി ചെയ്യുന്നത്. അതിനാൽ മധ്യപ്രദേശും രാജസ്ഥാനും തമ്മിൽ ഒരു അന്തർ സംസ്ഥാന ചീറ്റ സംരക്ഷണ മേഖല സ്ഥാപിക്കാൻ ദേശീയ കടുവ സംരക്ഷണ അതോറിറ്റി തീരുമാനത്തിലെത്തിയിട്ടുണ്ട്.

കുനോ നാഷനൽ പാർക്കിലും ഗാന്ധി സാഗർ സങ്കേതത്തിലുമുള്ള ചീറ്റകളുടെ ശേഷി വർധിപ്പിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകുമെന്ന് മധ്യപ്രദേശ് സർക്കാർ അറിയിച്ചു. ചീറ്റകളെ നിരീക്ഷിക്കുന്നതിനായി സാറ്റലൈറ്റ് കോളർ ഘടിപ്പിക്കാനും തീരുമാനമായിട്ടുണ്ട്.

## യുഎസ് വൈസ് പ്രസിഡന്റ് ജെ.ഡി.വാൻസ് ഇന്ന് എത്തും; മോദിയുമായി കൂടിക്കാഴ്ച നടത്തും



**ന്യൂഡൽഹി:** യുഎസ് വൈസ് പ്രസിഡന്റ് ജെ.ഡി.വാൻസ് ഇന്ത്യാ സന്ദർശനത്തിനായി ഇന്ന് എത്തും. നാലു ദിവസം ഇന്ത്യയിൽ തങ്ങുന്ന അദ്ദേഹം പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തും.

രാവിലെ പത്തിന് ഡൽഹി വിമാനത്താവളത്തിലെത്തുന്ന അദ്ദേഹത്തെയും കുടുംബത്തെയും വിദേശകാര്യ മന്ത്രാലയം ഔദ്യോഗിക ബഹുമതികളോടെ സ്വീകരിക്കും. ഇന്ന് വൈകുന്നേരം 6.30 ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തിയ ശേഷം വാൻസ് കുടുംബത്തോടൊപ്പം നാളെ ജയ്പുരിലേക്ക് തിരിക്കും.

ബുധനാഴ്ച ആഗ്ര സന്ദർശിച്ചശേഷം വ്യാഴാഴ്ച പുലർച്ചെ അദ്ദേഹം അമേരിക്കയിലേക്ക് തിരികെ പോകും. വാൻസിൻറെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്. സാന്പത്തിക സഹകരണം, പ്രതിരോധ പങ്കാളിത്തം, പ്രാദേശിക സുരക്ഷ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അമേരിക്കയും ഇന്ത്യയും തമ്മിലുള്ള തന്ത്രപരമായ ബന്ധം ശക്തിപ്പെടുത്തുക എന്നതാണ് സന്ദർശനത്തിൻറെ ലക്ഷ്യം.



# അഴിമതിക്കെതിരെ ശക്തമായ നടപടികൾ തുടരും: മുഖ്യമന്ത്രി

**തിരുവനന്തപുരം:** ഭരണതലത്തിൽ അഴിമതി അവസാനിപ്പിക്കുക എന്നത് സുവ്യക്തമായ സർക്കാർ നയമാണെന്നും അതിനുള്ള നടപടികളുമായി മുന്നോട്ട് പോകുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽപറഞ്ഞു. അഴിമതിക്കെതിരെ അതിശക്തമായ മുന്നേറ്റം നടത്താനും അഴിമതിക്കാർക്കെതിരെ കടുത്ത നടപടി സ്വീകരിക്കാനും ഇതിനകം കഴിഞ്ഞിട്ടുണ്ട്.

നമ്മുടെ നാടിനെ ഇന്ത്യയുടെ വാണിജ്യ വ്യവസായ ഹബ്ബ് ആക്കി മാറ്റുന്നതിനും ലോകരാജ്യങ്ങളെയാകെ ആകർഷിക്കുന്ന തരത്തിൽ നിക്ഷേപ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനും അഴിമതി തുടച്ചു നീക്കുക തന്നെ വേണം. അതിനായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ പൊതുജന പങ്കാളിത്തത്തോടെ നടത്തിവരുന്ന 'അഴിമതി മുക്ത കേരളം' ക്യാമ്പയിൻ നിർണ്ണായക നേട്ടങ്ങൾ കൈവരിച്ചു കഴിഞ്ഞു. സർക്കാർ ആവിഷ്കൃത പദ്ധതികളുടെ നടത്തിപ്പും വികസന പ്രവർത്തനങ്ങളും ദൈനംദിന ജീവിത പ്രശ്നങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങളും സുതാര്യമായും കാര്യക്ഷമതയോടെയും ജനങ്ങളിൽ എത്തിക്കുകയാണ് പ്രധാനം. സർക്കാർ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ സാധ്യതയുള്ള അഴിമതിയുടെ ഉറവിടം കണ്ടെത്തി ഇല്ലാതാക്കുക എന്നതും പ്രധാന ലക്ഷ്യമാണ്.' പൊതുജനങ്ങളുമായി നിരന്തരം സമ്പർക്കം പുലർത്തി അവരുടെ ക്ഷേമത്തിനും ദുരിതനിവാരണത്തിനുമായി പ്രവർത്തിക്കേണ്ട വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർ നടത്തുന്ന അഴിമതി അതീവ ഗൗരവമുള്ള വിഷയമാണ്. ഉദ്യോഗസ്ഥർ കൈക്കൂലി ആവശ്യപ്പെടുകയോ സ്വീകരിക്കുകയോ ചെയ്യുമ്പോൾ അവരെ കുടുക്കാൻ വി എ സി ബി ഓപ്പറേഷൻ സ്പോട്ട് ട്രാപ്പ് എന്ന പദ്ധതി നടപ്പാക്കുന്നു. എല്ലാ ഓഫീസുകളിലും വിവരദാതാക്കളുടെ ശൃംഖല വികസിപ്പിച്ചെടുക്കുകയും അഴിമതിക്കാരെ നിരീക്ഷിക്കുകയും കൈക്കൂലി ആവശ്യപ്പെടുന്നതിനെതിരെ പരാതി നൽകാൻ സാധാരണക്കാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഓപ്പറേഷൻ സ്പോട്ട് ട്രാപ്പിന്റെ ഫലമായി 2025 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി അഴിമതിക്കാരായ 36 പേരെ അറസ്റ്റ് ചെയ്തു. 25 കേസുകൾ രജിസ്റ്റർ ചെയ്തു (ജനുവരി8, ഫെബ്രുവരി9, മാർച്ച്8). വിജിലൻസ് ചരിത്രത്തിൽ മൂന്നു മാസത്തിനുള്ളിൽ ഇത്രയധികം ട്രാപ്പ് കേസുകളും അറസ്റ്റും നടക്കുന്നത് ആദ്യമാണ്.

ഇക്കഴിഞ്ഞ മാർച്ചിൽ മാത്രം 8 കേസ്സുകളിലായി 14 പേരെയാണ് വിജിലൻസ് പിടികൂടിയത്. ജനുവരിയിൽ 8 കേസ്സുകളിലായി 9 പേരെയും ഫെബ്രുവരിയിൽ 9 കേസ്സുകളിലായി 13 പേരെയും അറസ്റ്റ് ചെയ്തു. ഇതിൽ 14 റവന്യൂ ഉദ്യോസ്ഥരും, തദ്ദേശ സ്വയംഭരണം, പോലീസ് വകുപ്പുകളിൽ നിന്നും 4 വീതം ഉദ്യോഗസ്ഥരും, വനം വകുപ്പിൽ നിന്ന് 2 പേരും, വാട്ടർ അതോറിറ്റി, മോട്ടോർ വാഹനം, രജിസ്ട്രേഷൻ, എന്നീ വകുപ്പുകളിൽ നിന്നും ഓരോരുത്തർ വീതവും, കേന്ദ്ര പൊതു മേഖലാ സ്ഥാപനമായ ഇന്ത്യൻ ഓയിൽ കോർപ്പറേഷനിലെ ഡെപ്യൂട്ടി ജനറൽ മാനേജരുമാണ്. ഇത് കൂടാതെ 4 ഏജന്റുമാരെയും, സർക്കാർ ഉദ്യോഗസ്ഥന് നൽകാനെന്ന വ്യാജേന കൈക്കൂലി വാങ്ങിയ 4 പേരെയും വിജിലൻസ് അറസ്റ്റ്ചെയ്തു. ഡിജിറ്റൽ പണമിടപാടായി കൈക്കൂലി സ്വീകരിച്ചതും മദ്യം പാരിതോഷികമായി കൈപ്പറ്റിയതും ഇതിൽപ്പെടും.

വിജിലൻസ് നടപടികളുടേയും ശുപാർശകളുടേയും ഫലമായി മോട്ടോർ വാഹന വകുപ്പിന്റെ ബോർഡർ ചെക്ക് പോസ്റ്റ് രാത്രി കാലങ്ങളിൽ നിർത്തലാക്കി. വിജിലൻസ് നടത്തിയ മിന്നൽ പരിശോധനകളെ തുടർന്ന് മോട്ടോർ വാഹനം, മൈനിംഗ് ആന്റ് ജിയോളജി, ജി.എസ്.ടി എന്നീ മൂന്ന് വകുപ്പുകളിൽ നിന്ന് അധിക പിഴ, റോയൽറ്റി, പെനാൽറ്റി, നികുതി എന്നിങ്ങനെ സർക്കാരിന് 500 കോടി രൂപയുടെ അധിക വാർഷിക വരുമാനം ഉണ്ടായതായി കണക്കാക്കുന്നു.

വിജിലൻസ് പ്രവർത്തനങ്ങളിൽ കാലികമായ പ്രൊഫഷണലിസം കൊണ്ടുവന്നിട്ടുണ്ട്. അഴിമതി കേസുകൾ കൂടുതൽ ആഴത്തിൽ അന്വേഷിക്കുന്നതിനും, അഴിമതി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഏജന്റുമാരെ പിടികൂടുന്നതിനും ഇതിലൂടെ കഴിഞ്ഞു. അടുത്ത കാലത്ത് പാലക്കാട് ജില്ലയിലെ എം.വി.ഡി ചെക്ക് പോസ്റ്റിൽ നടത്തിയ മിന്നൽ പരിശോധനയിൽ അഴിമതിയുടെ ശൃംഖല തന്നെ തകർക്കാൻ കഴിഞ്ഞു. അത് ആർ.ടി.ഓ യുടെ അറസ്റ്റിൽ എത്തിച്ചേരുകയും ചെയ്തു.

സംസ്ഥാന സർക്കാരിനു കീഴിലുള്ള ഉദ്യോഗസ്ഥരെ മാത്രമല്ല ഇത്തരത്തിൽ പിടിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകളിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെയും വിജിലൻസ് നടപടിയെടുക്കുകയാണ്. ആർ.പി.എഫ്, സെൻട്രൽ ജി.എസ്.ടി, കസ്റ്റംസ്, സി.ഐ.എസ്.എഫ് തുടങ്ങിയ വകുപ്പുകളിലെയും കേന്ദ്ര പോതുമേഖലാ സ്ഥപനമായ ഇൻഡ്യൻ ഓയിൽ കോർപ്പറേഷനിലെയും ഉദ്യോഗസ്ഥർക്കെതിരെ കേസുകൾ എടുത്തിട്ടുണ്ട്. കുറ്റകൃത്യങ്ങളിൽ നിന്നും ലഭിച്ച വരുമാനം കണ്ടുകെട്ടുക മാത്രമല്ല വിദേശ ഫണ്ട് വകമാറ്റം, നിയമവിരുദ്ധമായി സമ്പാദിച്ച പണം പല സാമ്പത്തിക ഇടപാടുകളിലൂടെ മാറ്റുന്നത് കണ്ടെത്തുകയും ചെയ്യുന്നു. അഴിമതിക്കെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനായി കേന്ദ്ര നിയമ നിർവ്വഹണ ഏജൻസികളുമായി ആവശ്യമായ ഏകോപനം നടത്തുന്നു.



## നമ്മുടെ പവിത്രമായ സംസ്കൃതിയെ പുതിയ തലമുറയ്ക്ക് പകർന്നു നൽകുക: കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ

**കൊച്ചി:**നമ്മുടെ മഹത്തായ സംസ്കൃതിയെ പുതിയ തലമുറയ്ക്ക് അവർക്ക് പരിചിതമായ സാങ്കേതിക പദങ്ങൾ ഉപയോഗിച്ച് പകർന്നു നൽകണമെന്ന് എറണാകുളം ഗസ്റ്റ് ഹൗസിൽ ശ്രീലക്ഷ്മിബായ് ധർമ്മ പ്രകാശന്റെ ആഭിമുഖ്യത്തിൽ നടന്ന ചടങ്ങിൽ ' ഭാരതവർഷ ചരിത്ര കോശം ഗ്രന്ഥം പ്രകാശനം ചെയ്ത് കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർക്കർ അഭിപ്രായപ്പെട്ടു. വായനയിലൂടെ ലഭിക്കുന്ന ജ്ഞാനമാകുന്ന ലഹരിയാണ് നമുക്ക് ഇന്ന് ആവശ്യം. ആരാധനാ കേന്ദ്രങ്ങളും, ഗ്രാമീണ വായനശാലയും, സ്കൂൾ ലൈബ്രറികളും നമ്മെ സംബന്ധിച്ച് ഇന്നും ജ്ഞാനത്തിന്റെ കേന്ദ്രങ്ങളാണ്. സമൂഹത്തിന്റെ ഉന്നതിയ്ക്കായി നാം കരസ്ഥമാക്കിയ വിദ്യയെ സമർപ്പിക്കണമെന്നും ഗവർണർ കൂട്ടിച്ചേർത്തു.

ഗസ്റ്റ് ഹൗസിൽ നടന്ന ചടങ്ങിൽ എറണാകുളം കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രന് (വേണു) ഗ്രന്ഥം നൽകി ഗവർണർ പ്രകാശന കർമ്മം നിർവ്വഹിച്ചു. പ്രൊഫ എ..കെ. സാനു മാസ്റ്ററുടെയും, ശ്രീലക്ഷ്മിബായ് ധർമ്മ പ്രകാശൻ മാനേജിങ് ട്രസ്റ്റി എം. മോഹനന്റെയും നേതൃത്വത്തിൽ ആറൻമുള കണ്ണാടിയും , ഗ്രന്ഥപുസ്തകങ്ങളും രാജ്ഭവന് നൽകുന്നതിനായ് ഗവർണർക്ക് കൈമാറി. ട്രസ്റ്റ് അംഗം പി.ആർ. ഗിവശങ്കരൻ സ്വാഗതവും, സി.ജി. രാജഗോപാൽ കൃത്ഞ്ഞതയും രേഖപ്പെടുത്തി.

ശ്രീലക്ഷ്മിബായ് ധർമ്മപ്രകാശൻ ഹിന്ദിയിൽ നിന്നും പരിഭാഷപ്പെടുത്തിയ 5 വാല്യങ്ങളിലെ ഭാരത വർഷ ചരിത്രകോശം തയ്യാറാക്കിയത് പുന കേന്ദ്രമായി പ്രവർത്തിക്കുന്ന ഭാരതീയ ചരിത്രകോശ മണ്ഡൽ ആണ്. ഈ ബൃഹ്ദഗ്രന്ഥം തയ്യാറാക്കിയത് മഹാമഹോപാദ്ധ്യായ സിദ്ധേശ്വര ശാസ്ത്രി ചിത്രാവ് ആയിരുന്നു. മലായളത്തിലേയ്ക്ക് പരിഭാഷ നിർവ്വഹിച്ചത് കെ.എസ്. അരുൺകുമാർ ആണ്. പ്രൊഫ . എം.കെ. സാനു മാസ്റ്റർ ആണ് ഗ്രന്ഥത്തിന് അവതാരിക എഴുതിയത്.ഗസ്റ്റ് ഹൗസിലെ ഒന്നാം നിലയിൽ നടത്താൻ നിശ്ചയിച്ച ചടങ്ങ് സാനു മാസ്റ്ററുടെ പ്രായാധിക്യം കണക്കിലെടുത്ത് ഗവർണറുടെ നിർദ്ദേശപ്രകാരം താഴത്തെ നിലയിലേക്ക് മാറ്റി. അർത്ഥം അറിഞ്ഞുള്ള വായന മാനുഷീകതയിലേയ്ക്ക് നമ്മെ നയിക്കുമെന്ന് പ്രൊഫ് എം.കെ. സാനു ചടങ്ങിൽ അഭിപ്രായപ്പെട്ടു.

## മസഗോൺ ഡോക്ക് ഷിപ്പ് ബിൽഡേഴ്സിന്റെ സിഎംഡിയായി ക്യാപ്റ്റൻ ജഗ്മോഹൻ



**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) കപ്പൽ സാങ്കേതിക വകുപ്പിലെ പൂർവ്വവിദ്യാർത്ഥിയായ ക്യാപ്റ്റൻ ജഗ്മോഹൻ മുംബൈയിലെ മസഗോൺ ഡോക്ക് ഷിപ്പ് ബിൽഡേഴ്സ് ലിമിറ്റഡിന്റെ പുതിയ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായി (സിഎംഡി) ചുമതലയേൽക്കും.

കുസാറ്റ് കപ്പൽ സാങ്കേതിക വകുപ്പ് നടത്തുന്ന ബി.ടെക് നേവൽ ആർക്കിടെക്ചർ ആൻഡ് ഷിപ്പ് ബിൽഡിംഗ് പ്രോഗ്രാമിന്റെ പന്ത്രണ്ടാം ബാച്ചിലെ പൂർവ്വവിദ്യാർത്ഥിയായ ക്യാപ്റ്റൻ ജഗ്മോഹൻ 1987ലെ സർവകലാശാലയിൽ നാവികസേന സ്പോൺസർ ചെയ്ത വിദ്യാർത്ഥികളുടെ ആദ്യ ബാച്ചിൽ നിന്നുള്ള വിദ്യാർത്ഥി കൂടിയായിരുന്നു. ഡൽഹി ഐഐഐടിയിൽ നിന്ന് ബിരുദാനന്തര ബിരുദവും ന്നും ഖരഗ്പൂർ ഐഐഐടിയിൽ നിന്ന് നേവൽ കൺസ്ട്രക്ഷൻ ആൻഡ് ഓഷ്യൻ എഞ്ചിനീയറിംഗിൽ മാസ്റ്റേഴ്സും പൂർത്തിയാക്കിയ ഇദ്ദേഹം ഗോവ ഷിപ്പ്യാർഡ് ലിമിറ്റഡിൽ (ജിഎസ്എൽ) ഡയറക്ടറായി സേവനമനുഷ്ഠിച്ചു വരികെയാണ് പുതിയ നിയമനം. പ്രതിരോധവകുപ്പിന് കീഴിലുള്ള ഷിപ്പ്യാർഡായ ഗാർഡൻ റീച്ച് ഷിപ്പ് ബിൽഡേഴ്സ് & എഞ്ചിനീയേഴ്സ് ലിമിറ്റഡിന്റെ ചീഫ് ജനറൽ മാനേജർ (ഡിസൈൻ) എന്ന നിലയിൽ, ഇന്ത്യൻ നാവികസേനയ്ക്കും ഇന്ത്യൻ കോസ്റ്റ് ഗാർഡിനുമായി വിവിധ സങ്കീർണ്ണമായ യുദ്ധക്കപ്പൽ രൂപകൽപ്പനയുടെ ചുമതലയും ജഗ്മോഹൻ നിർവഹിച്ചിട്ടുണ്ട്. ഇന്ത്യൻ നാവികസേനയിൽ 25 വർഷത്തിലേറെ സേവനമനുഷ്ഠിച്ച ജഗ്മോഹൻ, നാവികസേനയുടെ ഡിസൈൻ ഡയറക്ടറേറ്റിലും (ഡിഎൻഡി) മുംബൈയിലെ നേവൽ ഡോക്ക്യാർഡിലും നിരവധി സുപ്രധാന സ്ഥാനങ്ങൾ അലങ്കരിച്ചിട്ടുണ്ട്.

പ്രതിരോധ മന്ത്രാലയത്തിന് കീഴിലുള്ള ഇന്ത്യയിലെ പ്രമുഖ ഷിപ്പ്യാർഡുകളിലൊന്നായ മസഗോൺ ഡോക്ക് ഷിപ്പ് ബിൽഡേഴ്സ് ലിമിറ്റഡിന് ക്യാപ്റ്റൻ ജഗ്മോഹൻ നേതൃത്വം നൽകുന്നതോടെ കപ്പൽ സാങ്കേതിക വകുപ്പിലെ രണ്ട് പൂർവ്വവിദ്യാർത്ഥികൾ രാജ്യത്തെ രണ്ട് പ്രധാന ഷിപ്പ്യാർഡുകളുടെ തലപത്ത് സേവനമനുഷ്ഠിക്കുന്നു എന്ന നേട്ടവും കുസാറ്റിന് കൈവരിക്കാനാകും. കൊച്ചിൻ ഷിപ്പ്യാർഡിന്റെ ചിയർമാനും മാനേജിംഗ് ഡയറക്ടറുമായ മധു എസ് നായരും വകുപ്പിലെ പൂർവ്വവിദ്യാർത്ഥിയാണ്.

## ശ്രീനാരായണ പ്രസ്ഥാന കേന്ദ്രങ്ങൾ ഗുരുദേവ പഠനം സുശക്തമാക്കണം

**ശിവഗിരി :** ഗുരുദേവ ദർശനത്തിന് പ്രസക്തി വർദ്ധിച്ചിരിക്കുന്ന ഇക്കാലത്ത് ശ്രീനാരായണ പ്രസ്ഥാനങ്ങളുടെ എല്ലാ കേന്ദ്രങ്ങളും ഗുരുദേവ പഠനം കൂടുതൽ ശക്തമാക്കണമെന്ന് ശിവഗിരി മഠം പ്രസിഡന്റ് സച്ചിദാനന്ദ സ്വാമി പറഞ്ഞു. ശിവഗിരിയിലെത്തിയ തീർത്ഥാടകരോട് സംസാരിക്കുകയായിരുന്നു സ്വാമി. മദ്യവും മയക്കുമരുന്നും യുവജനതയെ കീഴ്പെടുത്തി നശിപ്പിച്ചുകൊണ്ടിരിക്കുന്ന ദുരവസ്ഥയിൽ നിന്നും മോചിതരാവുവാൻ മദ്യം വിഷമാണ്, അതുണ്ടാക്കരുത്, കൊടുക്കരുത്, കുടിക്കരുത് എന്ന ഗുരു സന്ദേശം എല്ലാ എസ്.എൻ.ഡി.പി ശാഖകളിലും ഗുരുധർമ്മ പ്രചരണ സഭയിലും മറ്റു ശ്രീനാരായണീയ കേന്ദ്രങ്ങളും ശക്തമായ പഠനം നടത്തണം. ആശയപ്രചരണം കൊണ്ടേ ദുഷിച്ച പ്രവണതകളിൽ നിന്നും മോചനം ഉണ്ടാകുവാൻ സാധിക്കുകയുള്ളൂ. പുതിയ തലമുറയ്ക്ക് ഗുരുദേവനെയും ഗുരുദേവദർശനത്തെയും കുറച്ചു കാര്യമായ അറിവില്ല എന്ന പരിതാപകരമായ സ്ഥിതി ഓരോ ഗുരുദേവ പ്രസ്ഥാനങ്ങളും മനസ്സിലാക്കണം. തങ്ങളുടെ മക്കളെയും കൊച്ചുമക്കളെയും ഉത്തമ ശ്രീനാരായണീയരായി വളർത്തിയെടുക്കുവാൻ എല്ലാ എസ്.എൻ.ഡി.പി ശാഖകളിലും ഗുരുദേവക്ഷേത്രങ്ങളിലും സ്ഥാപനങ്ങളിലും സംവിധാനങ്ങൾ ഉണ്ടായേ മതിയാകൂ. പ്രത്യേകിച്ച് കൊച്ചി, മലബാർ പ്രദേശങ്ങളിൽ വ്യാപകമായ പ്രവർത്തനങ്ങളും പഠനങ്ങളും നടത്തണം. ഗുരുവിന്റെ ജീവിതത്തെ ഗുരുവിന്റെ കൃതികളുമായി ചേർത്തുവച്ചുകൊണ്ടുള്ള പഠനങ്ങളാണ് ഏറ്റവും അനിവാര്യമായുള്ളത്. പ്രത്യേകിച്ച് എസ്.എൻ.ഡി.പി യോഗവും ശിവഗിരി മഠവും ഗുരുവിന്റെ സന്നിസ്ഥശിഷ്യപരമ്പരയും ഗുരുവിൽ നിന്നും ഉപദേശം കൈക്കൊണ്ട സാമൂഹിക പരിഷ്കർത്താക്കളും ചേർന്ന് ആധുനിക കേരളത്തെ വാർത്തെടുത്തതെന്ന് നമ്മുടെ ജനത അറിഞ്ഞിരിക്കണം. ആധുനിക കേരളസൃഷ്ടി ശ്രീനാരായണ പ്രസ്ഥാനത്തിൽ നിന്നും വേർപെടുത്തി മറ്റു ചിലതിന്റെ ഭാഗമാക്കാനുള്ള കുത്സിത ശ്രമങ്ങളേയും ശ്രീനാരായണ സമൂഹം തിരിച്ചറിയണം. ആശയപ്രചരണം കൂടുതൽ ശക്തമായി നടത്തുവാൻ സൗകര്യമുള്ള എസ്.എൻ.ഡി.പി യോഗവും സമാനമായ ഗുരുദേവ പ്രസ്ഥാനങ്ങളും ഗ്രാമഗ്രാമന്തരങ്ങളിൽ ഗുരുസന്ദേശവുമായി കടന്നു ചെല്ലണം. ഇക്കാര്യത്തിൽ ശിവഗിരി മഠത്തിലെ സന്യാസിമാർ ആവുന്നത്ര പ്രവർത്തിക്കുന്നുണ്ട്. ഇനിയും ഗുരു സന്ദേശ പ്രചരണത്തിനുള്ള വേദികൾ സുശക്തമാക്കുന്നതിൽ സന്യാസി സമൂഹത്തിന്റെ എല്ലാവിധ സഹായങ്ങളും മാർഗനിർദ്ദേശങ്ങളും ഉണ്ടാകുമെന്നും സച്ചിദാനന്ദ സ്വാമി അറിയിച്ചു. മെയ് 10, 11, 12 തീയതികളിൽ നടക്കുന്ന ശ്രീനാരായണ ധർമ്മമീമാംസ പരിഷത്ത്, ശ്രീനാരായണ സന്ദേശ പ്രചരണം കാലോചിതമായി ശക്തമാക്കുന്നതിന്റെ തീരുമാനങ്ങൾ കൈക്കൊള്ളുമെന്ന് പ്രസിഡന്റ് സച്ചിദാനന്ദ സ്വാമി, ജനറൽ സെക്രട്ടറി ശുഭാംഗാനന്ദ സ്വാമി, ട്രഷറർ ശാരദാനന്ദ സ്വാമി എന്നിവർ അറിയിച്ചു. വിവരങ്ങൾക്ക് 9447551499

## സൗജന്യ സ്ത്രീ രോഗ ശസ്ത്രക്രിയ ക്യാമ്പ്

**കൊച്ചി :** സൺറൈസ് ആശുപത്രിയിൽ സൗജന്യ സ്ത്രീ രോഗ ശസ്ത്രക്രിയ ക്യാമ്പ്. നാളെ രാവിലെ 9 മുതൽ ഉച്ചക്ക് 1 മണി വരെ കാക്കനാട് ആശുപത്രിയിലാണ് ക്യാമ്പ്. ഗൈനക്കോളജി കൺസൾട്ടേഷനും, രജിസട്രേഷനും സൗജന്യമാണ്. ഗർഭാശയ മുഴകൾക്കുള്ള ശസ്ത്രക്രിയയും, താകോൽ ദ്വാര ശസ്ത്രക്രിയയും ക്യാമ്പിന്റെ ഭാഗമായി സൗജന്യമായിരിക്കുമെന്ന് മെഡിക്കൽ ഡയറക്ടർ അറിയിച്ചു. സ്കാനിംഗ്, ലാബ് ടെസ്റ്റ്കൾക്ക് 20 ശതമാനം നിരക്കിളവും ഉണ്ട്. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്നതിനും കൂടുതൽ വിവരങ്ങൾക്കും 9656993330 എന്ന നമ്പറിൽ വിളിക്കുക.

## ഡോ. ആർ.പദ്മകുമാറിന് ഐ.എസ്.സി.പി ഓണററി ഫെലോഷിപ്പ്



**കൊച്ചി:** പ്രമുഖ കീഹോൾ സർജനും വിപിഎസ് ലേക്ഷോർ ഹോസ്പിറ്റലിലെയും കീഹോൾ ക്ലിനിക്കിലെയും മിനിമൽ ഇൻവേസീവ് സർജറി വിഭാഗം മേധാവിയുമായ ഡോ. ആർ പദ്മകുമാറിനെ ഓണററി ഫെലോഷിപ്പ് നൽകി ആദരിച്ചു. ഇന്റർനാഷണൽ സൊസൈറ്റി ഓഫ് കോളോപ്രൊക്ടോളജിയുടെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ നടന്ന അന്താരാഷ്ട്ര സമ്മേളനമാണ് ആദരിച്ചത്.

കോളോപ്രൊക്ടോളജി ശസ്ത്രക്രിയാവിദഗ്ദ്ധരുടെ പരിശീലനത്തിനും ഉന്നമനത്തിനും വേണ്ടി നൽകിയ സമഗ്രസംഭാവനകൾ പരിഗണിച്ചാണ് ഫെലോഷിപ്പ്. ചടങ്ങിൽ എയിംസ് മുൻ ഡയറക്ടർ പ്രൊഫ.ഡോ. എംസി മിശ്ര, അസോസിയേഷൻസ് ഓഫ് സർജൻസ് ഓഫ് ഇന്ത്യ മുൻ ദേശിയ അധ്യക്ഷൻ ഡോ. സി പളനിവേലു, ഇന്റർനാഷണൽ സൊസൈറ്റി ഓഫ് കോളോപ്രൊക്ടോളജി അധ്യക്ഷൻ ഡോ. പ്രശാന്ത് രാഹത്തെ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## ശിവഗിരിയിൽ കഥാപ്രസംഗം ശതാബ്ദി: സമ്മേളനം 25ന് തുടക്കം കുറിക്കും


**ശിവഗിരി :** ശ്രീനാരായണ ഗുരുദേവന്റെ കൽപ്പന പ്രകാരം രൂപം പ്രാപിച്ച കഥാപ്രസംഗ കലയുടെ ശതാബ്ദി സമ്മേളനം 25ന് ശിവഗിരി ദൈവദശകം ഹാളിൽ രാവിലെ 9.30ന് നടക്കും. ധർമ്മസംഘം ജനറൽ സെക്രട്ടറി ശുഭാംഗാനന്ദ സ്വാമിയുടെ അധ്യക്ഷതയിൽ പ്രസിഡന്റ് സച്ചിദാനന്ദ സ്വാമി സമ്മേളനം ഉദ്ഘാടനം ചെയ്യും. ട്രഷറർ സ്വാമി ശാരദാനന്ദ , ഗുരുധർമ്മ പ്രചാരണസഭാ സെക്രട്ടറി സ്വാമി അസംഗാനന്ദഗിരി എന്നിവർ അനുഗ്രഹ പ്രഭാഷണങ്ങൾ നടത്തും. കഥാപ്രസംഗം മേഖലയിലെ പ്രമുഖർ സംബന്ധിക്കും.

## ദുരിതബാധിത മേഖലയിലെ 858 കുടുംബൾക്ക് ഭക്ഷ്യ കൂപ്പൺ വിതരണം ചെയ്തു

**ബത്തേരി:** മുണ്ടക്കൈ ചൂരൽമലദുരിതബാധിത മേഖലയിലെ 858 കുടുംബൾക്ക് ഭക്ഷ്യ കൂപ്പൺ വിതരണം ചെയ്തു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സിഎസ്ആർ ഫണ്ട് ഉപയോഗിച്ചാണ് ഓരോ കുടുംബത്തിനും ആയിരം രൂപയുടെ കൂപ്പൺ നൽകുന്നത്. മേഖലയിലെ 858 കുടുംബങ്ങൾക്ക് എല്ലാ മാസവും കൂപ്പണുകൾ നൽകും. ഓരോ മാസത്തെ കൂപ്പണിനും രണ്ട് മാസത്തെ കാലാവധിയുണ്ടാകും. ഗുണഭോക്താക്കൾക്ക് കൂപ്പണുകൾ ഉപയോഗിച്ച് സപ്ലൈകോയിൽ നിന്നും സാധനങ്ങൾ വാങ്ങാം. കുടുംബങ്ങൾക്ക് കൂപ്പണുകൾ വിതരണം ചെയ്യാനുള്ള ചുമതല ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കാണ്. കുടുംബശ്രീ മെന്റർമാർ മുഖേനയാണ് കൂപ്പണുകൾ വിതരണം ചെയ്യുന്നത്. ഭക്ഷ്യ കൂപ്പണിന് അർഹരായ കുടുംബങ്ങളുടെ പട്ടിക, റേഷൻ കാർഡ് നമ്പർ എന്നിവ ജില്ലയിലെ പ്രാദേശിക സപ്ലൈകോ ഓഫീസിൽ നൽകും. റേഷൻ കാർഡില്ലാത്ത കുടുംബങ്ങളിൽ കുടുംബനാഥന്റെ ആധാർ നമ്പർ രേഖപ്പെടുത്തി സപ്ലൈകോയ്ക്ക് നൽകും.

കൂപ്പൺ പ്രകാരം ഓരോ കുടുംബത്തിനും 1000 രൂപയുടെ സാധനങ്ങളാണ് അനുവദിക്കുന്നത്. കാർഡ് ഉടമ കൂപ്പൺ കൈമാറുമ്പോൾ ഗുണഭോക്താക്കളുടെ പേര്, റേഷൻ കാർഡ് /ആധാർ നമ്പർ, മൊബൈൽ നമ്പർ എന്നിവ സപ്ലൈകോ ജീവനക്കാർ രേഖപ്പെടുത്തി ഡിഡിഎംഎ നൽകുന്ന ലിസ്റ്റുമായി ഒത്തുനോക്കും.

പദ്ധതിക്കായി പ്രതിമാസം 8.58 ലക്ഷം രൂപയാണ് ദുരന്തനിവാരണ അതോറിറ്റി സപ്ലൈക്കോയ്ക്ക് നൽകുക.



# ജില്ലാതല ആശുപത്രിയിൽ ഫാറ്റി ലിവർ ക്ലിനിക്ക് സജ്ജം

### ലോക കരൾ ദിനം: കരളിനെ സംരക്ഷിക്കാം, ആരോഗ്യം ഉറപ്പാക്കാം

**തിരുവനന്തപുരം:** ജില്ലാതല ആശുപത്രികളിൽ ആദ്യമായി ഫാറ്റി ലിവർ ക്ലിനിക്കുകൾ സജ്ജമായി വരുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കരൾ രോഗങ്ങൾ പ്രത്യേകിച്ച് ഫാറ്റി ലിവർ രോഗം നേരത്തെ കണ്ടുപിടിച്ച് ചികിത്സിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഫാറ്റി ലിവർ ക്ലിനിക്കുകൾ ആരംഭിക്കുന്നത്. ഇതിനായി ആരോഗ്യ വകുപ്പ് ജില്ലകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആദ്യഘട്ടമായി മലപ്പുറം തിരൂർ ജില്ലാ ആശുപത്രിയിൽ ഫാറ്റി ലിവർ ക്ലിനിക്ക് സജ്ജമാണ്. തിരുവനന്തപുരം ജനറൽ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ ഫാറ്റി ലിവർ ക്ലിനിക്കുകൾ അന്തിമ ഘട്ടത്തിലാണ്. മെഡിക്കൽ കോളേജുകൾക്ക് പുറമേ ഘട്ടംഘട്ടമായി സംസ്ഥാനത്ത് ഉടനീളം ഫാറ്റി ലിവർ ക്ലിനിക്കുകൾ വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ജനസംഖ്യയിൽ നല്ലൊരു ശതമാനത്തോളം ആളുകളെ നിശബ്ദമായി ബാധിക്കുന്ന ഒരു രോഗമായി മാറിയിരിക്കുന്ന സാഹചര്യത്തിലാണ് ആരോഗ്യ വകുപ്പ് നിർണായക ഇടപെടൽ നടത്തുന്നതെന്നും മന്ത്രി വ്യക്തമാക്കി.

ഏപ്രിൽ 19 ലോക കരൾ ദിനമായി ആചരിക്കുന്നു. കരളിന്റെ പ്രാധാന്യത്തെക്കുറിച്ചും കരൾ രോഗങ്ങളെക്കുറിച്ചും അവബോധം നൽകുക എന്നതാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യം. 'ഭക്ഷണം മരുന്നാണ്' എന്നതാണ് ഈ വർഷത്തെ ലോക കരൾ ദിനത്തിന്റെ പ്രധാന ആശയം. ആരോഗ്യകരമായ ഭക്ഷണക്രമത്തിലൂടെ കരൾ രോഗങ്ങളെ ഒരു പരിധി വരെ തടയാനും കരളിന്റെ ആരോഗ്യം സംരക്ഷിക്കാനും സാധിക്കും എന്ന് ഈ ആശയം ഓർമ്മിപ്പിക്കുന്നു.

നമ്മുടെ ജീവിതശൈലിയിലെ മാറ്റങ്ങൾ, ഭക്ഷണക്രമത്തിലെ തെറ്റായ ശീലങ്ങൾ, മദ്യപാനം, വ്യായാമമില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ കരൾ രോഗങ്ങൾ വർധിച്ചു വരുന്നതായി കാണുന്നു. ഫാറ്റി ലിവർ, ഹെപ്പറ്റൈറ്റിസ്, സിറോസിസ്, കരൾ കാൻസർ തുടങ്ങിയ ഗുരുതരമായ കരൾ രോഗങ്ങൾ സാധാരണമായി കാണപ്പെടുന്നു. കരളിന്റെ ആരോഗ്യം സംരക്ഷിക്കാൻ ആരോഗ്യകരമായ ഭക്ഷണശീലം പിന്തുടരേണ്ടതുണ്ട്. പഴങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ, പ്രോട്ടീൻ അടങ്ങിയ ഭക്ഷണം എന്നിവ ധാരാളമായി കഴിക്കുക. കൊഴുപ്പ് കൂടിയതും സംസ്കരിച്ചതുമായ ഭക്ഷണങ്ങൾ ഒഴിവാക്കുക. ദിവസവും ആവശ്യത്തിന് വെള്ളം കുടിക്കുക, പതിവായ വ്യായാമം ചെയ്യുക, മദ്യപാനം ഒഴിവാക്കുക എന്നിവയെല്ലാം കരളിന്റെ ആരോഗ്യത്തിന് ഗുണകരമാണ്.

വളരെ നേരത്തെ കണ്ടുപിടിച്ച് ചികിത്സിച്ചില്ലെങ്കിൽ കരളിന്റെ പ്രവർത്തനം തന്നെ അപടകടത്തിലായി അതീവ ഗുരുതരാവസ്ഥയിലേക്ക് പോകുന്ന ഒരു രോഗമാണ് ഫാറ്റി ലിവർ. നേരത്തെ കണ്ടുപിടിക്കുന്നതിലൂടെയും ചികിത്സയിലൂടെയും ജീവിതശൈലി മാറ്റങ്ങളിലൂടെയും ഭക്ഷണക്രമീകരണത്തിലൂടെയും ഈ രോഗത്തെ നിയന്ത്രിക്കാൻ സാധിക്കും. അതിനായി ഫാറ്റി ലിവർ ക്ലിനിക്കുകൾ ഏറെ സഹായിക്കും. രക്ത പരിശോധനാ ലാബുകൾ, സ്കാനിംഗ് തുടങ്ങി നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമേ ഫാറ്റി ലിവറിന്റെ കാഠിന്യമറിയാനുള്ള ഫൈബ്രോ സ്കാനിംഗ് മെഷീൻ ഉൾപ്പെടെ സജ്ജമാക്കിയാണ് ഫാറ്റി ലിവർ ക്ലിനിക്കുകൾ ആരംഭിക്കുന്നത്.

സാധാരണയായി അമിതവണ്ണം, പ്രമേഹം, ഉയർന്ന കൊളസ്ട്രോൾ തുടങ്ങിയ അവസ്ഥകളിലുള്ളവരിലാണ് ഫാറ്റി ലിവർ കാണപ്പെടുന്നത്. ഫാറ്റി ലിവർ രോഗത്തിന് പലപ്പോഴും ലക്ഷണങ്ങൾ ഉണ്ടാകാറില്ല. അതിനാൽ രോഗം മൂർച്ഛിക്കുമ്പോഴാണ് പലരും ചികിത്സ തേടുന്നത്. വളരെ ലളിതമായ ഒരു പരിശോധനയിലൂടെ കണ്ടുപിടിക്കാവുന്ന രോഗമാണിത്. ഇത് കൂടാതെ ഒരു അൾട്രാ സൗണ്ട് സ്കാനിംഗ് കൂടി നടത്തിയാൽ പെട്ടെന്ന് തന്നെ രോഗം കണ്ടുപിടിക്കാൻ കഴിയുന്നു. ഇതിന്റെ കാഠിന്യം അറിയുന്നതിന് ഫൈബ്രോ സ്കാൻ എന്ന പരിശോധന കൂടി നടത്തുന്നു. ഇതിലൂടെ കരൾ രോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിക്കാനും ജീവൻ രക്ഷിക്കാനും സാധിക്കും.

അതുപോലെ മറ്റൊരു ഗുരുതര അവസ്ഥയാണ് വൈറൽ ഹെപ്പറ്റൈറ്റിസ്. പ്രധാനമായും ഹെപ്പറ്റൈറ്റിസ് ബിയും സിയും. ഹെപ്പറ്റൈറ്റിസ് സി പൂർണ്ണമായും 3 മാസം കൊണ്ട് ചികിത്സിച്ചു ഭേദമാക്കാൻ സാധിക്കും. വളരെയധികം ചെലവുള്ള ഈ ചികിത്സയും ഈ ക്ലിനിക്കുകൾ വഴി സൗജന്യമായി ലഭ്യമാണ്.

## തൊഴിലാളികൾക്ക് ആനുകൂല്യം ഉറപ്പാക്കാൻ സർക്കാരിലേക്ക് റിപ്പോർട്ട് നൽകും

**ബത്തേരി:** എൽസ്റ്റൺ എസ്റ്റേറ്റിലെ തോട്ടം തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യം ഉറപ്പാക്കാൻ സർക്കാരിലേക്ക് റിപ്പോർട്ട് നൽകുമെന്ന് ജില്ലാ കളക്ടർ ഡി. ആർ മേഘശ്രീ. മുണ്ടക്കൈ ചൂരൽമല ദുരന്ത ബാധിത പ്രദേശത്തെ അതിജീവിതർക്കായി കൽപ്പറ്റ എൽസ്റ്റൺ എസ്റ്റേറ്റിൽ സർക്കാർ ഏറ്റെടുത്ത 64 ഹെക്ടർ ഭൂമിയിലുൾപ്പെട്ട് തൊഴിലാളികൾക്ക് ലഭിക്കേണ്ട അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ സർക്കാറിനോട് ആവശ്യപ്പെടുമെന്ന് വിവിധ തൊഴിലാളി സംഘടന നേതാക്കളുമായി നടത്തിയ ചർച്ചയിൽ കളക്ടർ അറിയിച്ചു. തൊഴിലാളികൾക്ക് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ ലഭിക്കാത്തതിൽ പ്രതിഷേധിച്ച്തൊഴിലാളി സംഘടനകൾ നടത്തിയ സമരത്തിന്റെ ഭാഗമായാണ്സംഘടനാ നേതാക്കളുമായി ജില്ലാ കളക്ടർ ചർച്ച നടത്തിയത്.എൽസ്റ്റൺ എസ്റ്റേറ്റിലെ 275 തൊഴിലാളികളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യക്കാനുണ്ടെന്നും ജോലിയിൽ നിന്നും പിരിഞ്ഞിട്ടും 150 ഓളം തൊഴിലാളികൾക്ക് പെൻഷൻ ലഭ്യമായിട്ടില്ലെന്നും സംഘടനാ നേതാക്കൾ യോഗത്തിൽ പറഞ്ഞു. തൊഴിലാളി സംഘടനാ പ്രതിനിധികൾ ഉന്നയിച്ച വിവിധ വിഷയങ്ങൾ ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുമെന്നും കളക്ടർ യോഗത്തിൽ അറിയിച്ചു. സംയുക്ത ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ഏപ്രിൽ 26 ന്കളക്ടറേറ്റിൽ യോഗം ചേരാൻ തീരുമാനിച്ചു. കളക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ റീജണൽ ജോയിന്റ് ലേബർ കമ്മീഷണർ കെ.വി വിപിൻ ലാൽ, ഡെപ്യൂട്ടി ലേബർ ഓഫീസർ എസ്.പി ബഷീർ, പ്ലാന്റേഷൻ ഇൻസ്പെക്ടർ ആർ പ്രിയ, എൻ വേണുഗോപാലൻ, സുരേഷ് ബാബു, കെ ടി ബാലകൃഷ്ണൻ, കരുണൻ, കെ കെ രാജേന്ദ്രൻ, എന്നിവർ പങ്കെടുത്തു.

# സൂപ്പർ കപ്പ്: സൂപ്പർ തുടക്കവുമായി കേരള ബ്ലാസ്റ്റേഴ്സ്

## കേരള ബ്ലാസ്റ്റേഴ്സ് 2 ഈസ്റ്റ് ബംഗാൾ 0

**ഭുവനേശ്വർ:** നിലവിലെ ചാമ്പ്യൻമാരായ ഈസ്റ്റ് ബംഗാളിനെ തോൽപ്പിച്ച് കേരള ബ്ലാസ്റ്റേഴ്സ് കലിംഗ സൂപ്പർ കപ്പ് ഫുട്ബോൾ ക്വാർട്ടറിൽ. രണ്ട് ഗോളിനാണ് കരുത്തരായ ഈസ്റ്റ് ബംഗാളിനെ ബ്ലാസ്റ്റേഴ്സ് തോൽപ്പിച്ചത്. സ്പാനിഷ് പരിശീലകൻ ദവീദ് കറ്റാലയ്ക്ക് കീഴിൽ ആദ്യ കളിക്കിറങ്ങിയ മഞ്ഞപ്പട മിന്നുംജയത്തോടെ അദ്ദേഹത്തിന് കീഴിലെ പ്രയാണം തുടങ്ങി. ഒഡിഷയുടെ തലസ്ഥാനമായ ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ പെനൽറ്റിയിലൂടെ ഹെസ്യൂസ് ഹിമിനെസും (40ാം മിനിറ്റ്), നോഹ സദോയിയുമാണ് (64) ബ്ലാസ്റ്റേഴ്സിന്റെ ഗോളുകൾ നേടിയത്. ഏപ്രിൽ 26ന് നടക്കുന്ന ക്വാർട്ടറിൽ ഐഎസ്എൽ ജേതാക്കളായ മോഹൻ ബഗാൻ സൂപ്പർ ജയന്റാണ് ബ്ലാസ്റ്റേഴ്സിന്റെ എതിരാളി.

പരിശീലകൻ ദവീദ് കറ്റാല തന്റെ അരങ്ങേറ്റ മത്സരത്തിൽ യുവത്വത്തിനും പരിചയസമ്പത്തിനും ഊന്നൽ നൽകിയാണ് ടീമിനെ തെരഞ്ഞെടുത്തത്. ഗോൾകീപ്പറായി സച്ചിൻ സുരേഷ് എത്തിയപ്പോൾ പ്രതിരോധത്തിൽ ഹോർമിപാം, മിലോസ് ദ്രിൻസിച്ച്, ബികാഷ് യുംനം, ദുസാൻ ലാഗറ്റോർ എന്നിവരെത്തി. മധ്യനിരയിൽ മലയാളി താരം വിബിൻ മോഹനനൊപ്പം ഡാനിഷ് ഫറൂഖിയും ചേർന്നു. ക്യാപ്റ്റൻ അഡ്രിയാൻ ലൂണയ്ക്ക് കൂടുതൽ ചുമതല നൽകി. ഒരേ സമയം ആക്രമിക്കാനും ആവശ്യമെങ്കിൽ പ്രതിരോധിക്കാനും ലൂണയ്ക്ക് പരിശീലകൻ സ്വാതന്ത്ര്യം നൽകി. നോഹ സദൂയിയും നവോച്ച സിങ്ങും ഇരുവശത്തും അണിനിരന്നു. ഗോളടിക്കാൻ ഹെസ്യൂസ് ഹിമിനെസും.

പ്രഭ്സുഖൻ സിങ് ഗില്ലായിരുന്നു ഈസ്റ്റ് ബംഗാളിന്റെ ഗോളി. അൻവർ അലി, ലാൽചുങ്കുഗ, മുഹമ്മദ് റാകിപ്, ഹെക്ടർ യൂസ്തെ, ജീക്സൺ സിങ്, റിച്ചാർഡ് സെലിന്, ദിമിത്രോസ് ഡയമന്റാകോസ്, റാഫേൽ മെസി ബൗളി, മഹേഷ് സിങ്, മലയാളിയായ പി വിഷ്ണു എന്നിവരായിരുന്നു ആദ്യ ഇലവനിൽ ഉൾപ്പെട്ട മറ്റ് ടീം അംഗങ്ങൾ.

കളി തുടക്കത്തിൽ തന്നെ ബ്ലാസ്റ്റേഴ്സ് മിന്നി. രണ്ടാം മിനിറ്റിൽ മികച്ച അവസരം കിട്ടി. വലതുവശത്തുനിന്നും നോഹ നൽകിയ മനോഹര ക്രോസ് ഹിമിനെസിന് മുതാലക്കാനായില്ല. 19ാം മിനിറ്റിൽ വീണ്ടും സമാനമായി നോഹയുടെ ക്രോസുണ്ടായി. ഇത്തവണ ഡാനിഷിന് പിഴച്ചു. പിന്നാലെ കിട്ടിയ തുറന്ന അവസരത്തിൽ ഹിമിനെസിനും ലക്ഷ്യം കണാനായില്ല. ഇതിനിടെ ഈസ്റ്റ് ബംഗാൾ ചില മിന്നൽ നീക്കങ്ങൾ നടത്തിയെങ്കിലും ഇതെല്ലാം ബ്ലാസ്റ്റേഴ്സിന്റെ ഉറച്ച പ്രതിരോധം നിഷ്പ്രഭമാക്കി. 33ാം മിനിറ്റിലും നോഹയുടെ കൃത്യതയാർന്ന പാസ് മുതലക്കാൻ ഹിമിനെസിന് സാധിച്ചില്ല. 38ാം മിനറ്റിൽ ബ്ലാസ്റ്റേഴ്സ് കൊതിച്ച നിമിഷമെത്തി. അപകടകാരിയായ നോഹയുടെ മുന്നേറ്റം തടയാനുള്ള കൊൽക്കത്തൻ പ്രതിരോധക്കാരൻ അൻവർ അലിയുടെ നീക്കം പിഴച്ചു. അൻവറിന്റെ ചവിട്ടിൽ നോഹ നിലത്തുവീണതോടെ റഫറി പെനൽറ്റി വിധിച്ചു. ആദ്യത്തെ കിക്ക് ഉന്നം കണ്ടിരുന്നില്ല. എന്നാൽ സാങ്കേതിക പിഴവിനെ തുടർന്ന് വീണ്ടും കിക്കെടുക്കാൻ ഹിമിനെസിനോട് റഫറി ആവശ്യപ്പെട്ടു. ഇത്തവണ സ്പാനിഷുകാരന് തെറ്റിയില്ല. മൂർച്ചയേറിയ ഷോട്ട് വലയിൽ വിശ്രമിച്ചു. ഇതോടെ ബ്ലാസ്റ്റേഴ്സ് മത്സരത്തിൽ മുന്നിലെത്തി. ലീഡുയർത്താനുള്ള ശ്രമം ബ്ലാസ്റ്റേഴ്സ് തുടർന്നു.

രണ്ടാംപകുതിയിൽ ഒരു മാറ്റവുമായാണ് മഞ്ഞപ്പട എത്തിയത്. ഹോർമിപാമിന് പകരം ഐബാൻബ ദോഹ്‌ലിങ് സ്ഥാനംപിടിച്ചു. ഇടവേള കഴിഞ്ഞും ബ്ലാസ്റ്റേഴ്സ് ആധിപത്യം തുടർന്നു. 56ാം മിനിറ്റിൽ ഹിമിനെസ് ഈസ്റ്റ് ബംഗാൾ വല കുലുക്കിയെങ്കിലും ഓഫ്സൈഡായിരുന്നു. ഇതിനിടെ 57ാം മിനിറ്റിൽ പരിക്കേറ്റ ലൂണ പിൻമാറി. ഫ്രെഡിയാണ് പകരമെത്തിയത്. 64ാം മിനിറ്റിൽ ഉഗ്രൻ ഗോളിലൂടെ നോഹ ബ്ലാസ്റ്റേഴ്സിന്റെ ലീഡുയർത്തി. വലതുഭാഗത്തുനിന്നും ഐബാൻ നൽകിയ പന്തുമായി ബോക്സിന് മുന്നിലൂടെ മുന്നേറി. രണ്ട് ഈസ്റ്റ് ബംഗാൾ പ്രതിരോധക്കാരെ വെട്ടിമാറ്റിയുള്ള ഇടംകാലടി വലകുലുക്കി. കൊൽക്കത്തൻ ഗോളി ഗില്ലിന് കാഴച്ചക്കാരനാകാനെ സാധിച്ചുള്ളു. കളിയിലുടനീളം മിന്നുംപ്രകടനം നടത്തിയ നോഹ അർഹിച്ച ഗോളാണ് കുറിച്ചത്.

എഴുപതാം മിനിറ്റിൽ ബ്ലാസ്റ്റേഴ്സ് വീണ്ടും മാറ്റം വരുത്തി. ഹിമിനെസിന് പകരം ക്വാമി പെപ്രയും ഡാനിഷിന് പകരം മലയാളി താരം മുഹമ്മദ് സഹീഫുമെത്തി.

74ാം മിനിറ്റിൽ നോഹ ഒരിക്കൽക്കൂടി വല കുലുക്കിയെങ്കിലും ഓഫ്സൈഡായി. 86ാം മിനിറ്റിൽ വിബിനിന് പകരം മലയാളി മുന്നേറ്റക്കാരൻ എം എസ് ശ്രീക്കുട്ടനും ബ്ലാസ്റ്റേഴ്സിനായി ഇറങ്ങി. പ്രതിരോധം ഉറപ്പിച്ച് ബ്ലാസ്റ്റേഴ്സ് നിലനിന്നതോടെ തിരിച്ചുവരാനുള്ള ഈസ്റ്റ് ബംഗാളിന്റെ മോഹം പൊലിഞ്ഞു.

# ദുരിതമനുഭവിക്കുന്നവർക്ക് ഉയിർപ്പ് പ്രത്യാശയേകട്ടെ: പരിശുദ്ധ കാതോലിക്കാബാവാ

**വാഴൂർ :** സമൂഹത്തിൽ പലവിധമായ ദുരിതങ്ങളാൽ വേദനിക്കുന്നവർക്ക് യേശുക്രിസ്തുവിന്റെ ഉയിർപ്പ് പ്രത്യാശയേകട്ടെയെന്ന് മലങ്കരസഭയുടെ പരമാധ്യക്ഷനും മലങ്കര മെത്രാപ്പോലീത്തായുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ആശംസിച്ചു. മാതൃഇടവകയായ വാഴൂർ സെന്റ് പീറ്റേഴ്സ് പള്ളിയിൽ ഉയിർപ്പ് പെരുന്നാൾ ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ച് സംസാരിക്കുകയായിരുന്നു ഓർത്തഡോക്സ് സഭാധ്യക്ഷൻ.

തിരുവനന്തപുരത്ത് സെക്രട്ടറിയറ്റ് പടിക്കൽ സമരം ചെയ്യുന്ന ആശാവർക്കർമാരുടെ ആവശ്യങ്ങൾ സർക്കാർ അനുഭാവപൂർവ്വം പരിഹരിച്ച് ആശമാർക്ക് പ്രത്യാശ പകരണമെന്ന് ഈസ്റ്റർ ദിന സന്ദേശത്തിൽ പരിശുദ്ധ കാതോലിക്കാ ബാവാ പറഞ്ഞു. ആശാ വർക്കർമാർ വീട്ടമ്മമാരാണ്. നൂറ് രൂപയെങ്കിലും കൂട്ടിക്കിട്ടാൻ അവർ ആഗ്രഹിക്കുന്നു. അതിനെതിരെ മുഖം തിരിക്കുന്ന സർക്കാർ നടപടി പുന:പരിശോധിക്കണം. മലയോര കർഷകരും, തീരദേശജനതയും ദുരിതങ്ങളുടെ തടവറയിലാണ്.ആദിവാസിജനസമൂഹത്തെയടക്കം വന്യമൃഗങ്ങൾ തടവറയിലാക്കിയിരിക്കുന്നു. വനം വകുപ്പ് പരിശ്രമിച്ചാൽ മാത്രമേ മലയോരജനതക്ക് സമാധാനവും പ്രത്യാശയും ലഭിക്കൂവെന്ന് പരിശുദ്ധ ബാവാ പ്രതികരിച്ചു

കേരളത്തിൽ മതസ്പർധ വർധിക്കാനുള്ള പല സാഹചര്യങ്ങൾ ഉണ്ടാകുന്നതായി പരിശുദ്ധ കാതോലിക്കാബാവാ ചൂണ്ടിക്കാട്ടി. കേരളം എല്ലാ മതസമൂഹങ്ങളും സാഹോദര്യത്തോടെ വസിക്കുന്ന ഇടമാണ്. ആ സൗഹാർദ്ദപരമായ അന്തരീക്ഷത്തിൽ ഭിന്നതയുണ്ടക്കാൻ ശ്രമിക്കുന്നത് പൈശാചിക പ്രവൃത്തിയാണ്. ഉയിർപ്പ് പെരുന്നാൾ ആഘോഷിക്കുന്ന വേളയിൽ മുനമ്പത്തെ ജനതയ്ക്ക് പ്രത്യാശയുണ്ടാകണം. അതിന് സർക്കാർ മുൻകൈ എടുത്ത് മുനമ്പം ഭൂമി പ്രശ്നം പരിഹരിക്കണമെന്നും പരിശുദ്ധ കാതോലിക്കാ ബാവാ കൂട്ടിച്ചേർത്തു.

മലങ്കരസഭാപ്രശ്നത്തിലും പരിശുദ്ധ കാതോലിക്കാബാവാ നിലപാട് വ്യക്തമാക്കി. സഭയിൽ സ്നേഹത്തോടെ സമാധാനം പുനസ്ഥാപിക്കാൻ കഴിയുമെന്നാണ് പ്രത്യാശിക്കുന്നത്. മുൻകാലങ്ങളിൽ സമാധാനം സംജാതമായപോലെ വീണ്ടും ഒരുമിക്കാൻ മലങ്കരസഭയ്ക്ക് കഴിയണം. ലോകം യുദ്ധത്തിന്റെ സങ്കടക്കാഴ്ച്ചകൾ കണ്ടുമടത്തു. ഇസ്രായേലിലും, യുക്രയ്നിലും അനേകായിരം നിരപരാധികളെ കൊല്ലുന്നു. പിഞ്ചുകുഞ്ഞുങ്ങൾ അനാഥരാകുന്നു. യുദ്ധങ്ങൾ അവസാനിച്ച് സമാധാനം സംജാതമാകാൻ ഏവരും പ്രാർത്ഥിക്കണമെന്ന് പരിശുദ്ധ ബാവാ ആഹ്വാനം ചെയ്തു. കേരളത്തിൽ ആത്മഹത്യകൾ വർധിക്കുകയാണ്. സ്വന്തം കുഞ്ഞുങ്ങളുമായി മാതാപിതാക്കൾ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ വേദനാജനകമാണ്. പ്രതിസന്ധികളിൽപ്പെടുന്നവർക്ക് കൈത്താങ്ങേകി ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരണമെന്നും പരിശുദ്ധ കാതോലിക്കാബാവാ പറഞ്ഞു.



സഭയുടെ അധ്യക്ഷ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട ശേഷം ആദ്യമായാണ് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ മാതൃഇടവകയിൽ ഹാശാ ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുന്നത്. ഒഴാഴ്ച്ചക്കാലം ഇടവകയിൽ താമസിച്ചാണ് കാതോലിക്കാബാവാ ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയത്. മാതൃഇടവകയിലെ വിശ്വാസികൾ നൽകിയ സ്നേഹത്തിന് പരിശുദ്ധ കാതോലിക്കാബാവാ നന്ദി രേഖപ്പെടുത്തി. വാഴൂർ സെന്റ് പീറ്റേഴ്സ് പള്ളിയിലെ ഉയിർപ്പ് പെരുന്നാൾ ശുശ്രൂഷകൾ പുലർച്ചെ 2 മണിക്ക് ആരംഭിച്ചു. ശേഷം ഉയിർപ്പ് പ്രഖ്യാപനവും, പ്രദക്ഷിണവും, വിശുദ്ധ കുർബാനയും നടന്നു. വികാരി ഫാ.കുറിയാക്കോസ് മാണി, സഹവികാരി ഫാ.ജേക്കബ് ഫിലിപ്പോസ്, ട്രസ്റ്റി എം.എ. അന്ത്രയോസ് മറ്റത്തിൽ, സെക്രട്ടറി സെബിൻ ബാബു പുതുപ്പറമ്പിൽ എന്നിവരുടെ നേതൃത്വത്തിലായിരുന്നു ചടങ്ങുകൾ ഏകോപിപ്പിച്ചത്.

## ജർമ്മൻ ഫിലിം ഫെസ്റ്റിവൽ 22, 23 ന് കൊച്ചിയിൽ

**കൊച്ചി:** ജർമ്മൻ സാംസ്കാരിക വേദിയായ ഗൊയ്ഥെസെൻട്രവും കൊച്ചിൻ ഫിലിം സൊസൈറ്റി, ചാവറ കൾച്ചറൽ സെൻറർ എന്നിവയും സംയുക്തമായി സംഘടിപ്പിക്കുന്ന ജർമ്മൻ ഫിലിം ഫെസ്റ്റിവൽ ഏപ്രിൽ 22, 23 തിയതികളിൽ കൊച്ചിയിൽ നടക്കും. ചാവറ പബ്ലിക് ലൈബ്രറി ഹാളിലാണ് ചലച്ചിത്രോത്സവം നടക്കുന്നത്. പ്രവേശനം സൗജന്യമായിരിക്കുമെന്ന് സംഘാടകർ അറിയിച്ചു.

ആകെ അഞ്ച് സിനിമകളാണ് പ്രദർശിപ്പിക്കുന്നത്. ഉദ്ഘാടന ദിവസമായ ചൊവ്വാഴ്ച ഉച്ചതിരിഞ്ഞ് രണ്ടരയ്ക്ക് നാഫ്സ്കസ്, നാലരയ്ക്ക് അലെ റെഡെൻ ഉബർസ് വെറ്റർ, ആറരയ്ക്ക് ഐവി വീ ഐവി എന്നീ സിനിമകൾ പ്രദർശിപ്പിക്കും.

ബുധനാഴ്ച വൈകീട്ട് മൂന്നരയ്ക്ക് ലെ പ്രിൻസ്, ആറ് മണിക്ക് തൗബാബ് എന്നീ ചിത്രങ്ങളും പ്രദർശിപ്പിക്കും.

## സഹകരണ എക്സ്പോ 2025: വിളംബര ജാഥ സംഘടിപ്പിച്ചു

**തിരുവനന്തപുരം:** സംസ്ഥാന സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സഹകരണ എക്സ്പോ 2025ന്റെ ഭാഗമായി തിരുവനന്തപുരത്ത് വിളംബര ജാഥ നടത്തി. വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ ആശാൻ സ്ക്വയറിൽ നിന്നും ആരംഭിച്ച ജാഥ കനകക്കുന്നിൽ സമാപിച്ചു. വി കെ പ്രശാന്ത് എം.എൽ.എ ജാഥ ഫ്ലാഗ് ഓഫ് ചെയ്തു. സഹകരണ സംഘം രജിസ്ട്രാർ ഡി. സജിത്ത് ബാബു സന്നിഹിതനായിരുന്നു. പ്രമുഖ സഹകാരികൾ, സഹകരണ വകുപ്പ് ജീവനക്കാർ, സഹകര സംഘം രജിസ്ട്രാർ ഓഫീസിലെ ജീവനക്കാർ, കേരള ബാങ്കിലെ ജീവനക്കാർ, സംസ്ഥാന സഹകരണ യൂണിയനിലെ ജീവനക്കാർ, സഹകരണ യൂണിയന് കീഴിലെ വിവിധ സ്ഥാപനങ്ങളിലെ വിദ്യാർഥികളും അധ്യാപകരും, തിരുവനന്തപുരം ജില്ലയിലെ നാല് സർക്കിൾ യൂണിയനുകളിൽപെട്ട ജീവനക്കാർ, ഭരണ സമിതി അംഗങ്ങൾ തുടങ്ങിയവർ വിളംബര ജാഥയുടെ ഭാഗമായി. കളരിപ്പയറ്റ്, റോളർ സ്കേറ്റിങ് എന്നിവയും അരങ്ങേറി.

സഹകരണ എക്സ്പോ മൂന്നാം എഡിഷൻ ഏപ്രിൽ 21 മുതൽ 30 വരെ തിരുവനന്തപുരം കനകക്കുന്ന് പാലസ് ഗ്രൗണ്ടിൽ നടക്കും. എക്സ്പോയുടെ ഉദ്ഘാടനം ഏപ്രിൽ 23നു വൈകിട്ട് 6.30ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. 2025 അന്തർ ദേശീയ സഹകരണ വർഷമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി കൂടിയാണ് ഇത്തവണത്തെ എക്സ്പോ സംഘടിപ്പിച്ചിരിക്കുന്നത്.

260 സ്റ്റാളുകളിലായി 400ൽ പരം സഹകരണ ഉൽപ്പന്നങ്ങളുടെ പ്രദർശനവും, വിപണനവും നടക്കും. വിവിധ വിഷയങ്ങളിൽ 12 സെമിനാറുകൾ ഈ എക്സ്പോയുടെ ഭാഗമായി സംഘടിപ്പിക്കും. സഹകരണസംഘം രജിസ്ട്രാറുടെയും, ഫംഗ്ഷണൽ രജിസ്ട്രാർമാരുടെയും നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളും, അന്തർദേശീയ തലത്തിൽ പ്രാധാന്യമുള്ള സഹകരണ സംഘങ്ങളും എക്സ്പോയിൽ പങ്കെടുക്കും. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന, ഉൽപ്പാദന രംഗത്തുള്ള സഹകരണസംഘങ്ങൾ. മറ്റിതര സഹകരണ സംഘങ്ങളും എക്സ്പോയിൽ അണിനിരക്കുന്നുണ്ട്.

## ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമായി കേരളം മാറി: മന്ത്രി എം ബി രാജേഷ്

**തിരുവനന്തപുരം:** സർക്കാർ സംവിധാനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാകും വിധം ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമായി കേരളം മാറിയെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി.രാജേഷ്. തദ്ദേശ സ്വയംഭരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ 'ഡിജി കേരള' സംരംഭത്തിന് കീഴിൽ 21 ലക്ഷത്തിലധികം ആളുകളെ ഡിജിറ്റൽ സാക്ഷരരാക്കാൻ സാധിച്ചതായും മന്ത്രി പറഞ്ഞു. നിർമ്മാണം പൂർത്തീകരിച്ചകിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കേണ്ട എല്ലാ സേവനങ്ങളും നേരിട്ട് പോകാതെ സ്മാർട്ട്ഫോൺ ഉപയോഗിച്ച് ഓൺലൈനായി ലോകത്ത് എവിടെനിന്നും സ്വീകരിക്കാൻ കഴിയുന്ന രീതിയിൽ തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനം ആധുനികവൽക്കരിച്ചു. സംസ്ഥാനത്ത് കെട്ടിട നികുതി അടയ്ക്കാതെ പ്രവർത്തിച്ചിരുന്ന 1.43 ലക്ഷം കെട്ടിടങ്ങൾ കണ്ടെത്തി നികുതി അടപ്പിക്കാൻ കഴിഞ്ഞു. അതുമുഖേന കെട്ടിട നികുതി വർധിപ്പിക്കാതെ തന്നെ നികുതി വരുമാനം വർധിപ്പിക്കാൻ കഴിഞ്ഞു. ഇത് പ്രാദേശിക വികസനത്തിന് വലിയൊരു മുതൽക്കൂട്ടായി മാറിയതായും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ കെ.ഡി. പ്രസേനൻ എം എൽ എ അധ്യക്ഷത വഹിച്ചു. കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് വി രാധാകൃഷ്ണൻ,സ്ഥിരം സമിതി അധ്യക്ഷനായ രാജി കൃഷ്ണൻകുട്ടി, രതിക മണികണ്ഠൻ, കെ രവീന്ദ്രൻ, വാർഡ് മെമ്പർമാരായ കെ ഉണ്ണികൃഷ്ണൻ, സലിം പ്രസാദ് ,ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് കവിത മാധവൻ സ്വാഗതവും സെക്രട്ടറി ആർ ഷീന നന്ദിയും പറഞ്ഞു. ജില്ലാ നിർമ്മിതികേന്ദ്രം എക്സിക്യൂട്ട് സെക്രട്ടറി പി എസ് ബിന്ദു റിപ്പോർട്ട് അവതരിപ്പിച്ചു.

# യെസ് ബാങ്കിന്റെ അറ്റാദായം 63 ശതമാനം ഉയർന്ന് 738 കോടി രൂപയിലെത്തി

കൊച്ചി: കഴിഞ്ഞ സാമ്പത്തിക വർഷത്തിൻറെ നാലാം പാദത്തിൽ യെസ് ബാങ്കിൻറെ അറ്റാദായം 63.3 ശതമാനം വാർഷിക വർധനവോടെ 738 കോടി രൂപയിലെത്തി. 2025 സാമ്പത്തിക വർഷത്തിലെ അറ്റാദായം 92.3 ശതമാനം വർധനവോടെ 2406 കോടി രൂപയിലും എത്തിയിട്ടുണ്ട്. 2025 സാമ്പത്തിക വർഷത്തിലെ അറ്റ പലിശ മാർജിൻ 2.4 ശതമാനത്തിലും നാലാം പാദത്തിലെ അറ്റ പലിശ മാർജിൻ 2.5 ശതമാനത്തിലും ആണെന്നും പ്രവർത്തന ഫലങ്ങൾ ചൂണ്ടിക്കാട്ടുന്നു. സാമ്പത്തിക വർഷത്തിലെ പലിശ ഇതര വരുമാനം 14.5 ശതമാനം വർധിച്ച് 5857 കോടി രൂപയിലെത്തി.

യെസ് ബാങ്കിനെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ത്രൈമാസമായിരുന്നു കടന്നു പോയതെന്ന് യെസ് ബാങ്ക് മാനേജിങ് ഡയറക്ടറും സിഇഒയുമായ പ്രശാന്ത് കുമാർ പറഞ്ഞു. ആകെ നിഷ്ക്രിയ ആസ്തികളുടെ കാര്യത്തിലും അറ്റ നിഷ്ക്രിയ ആസ്തികളുടെ കാര്യത്തിലും യഥാക്രമം 1.6 ശതമാനവും 0.3 ശതമാനവും എന്ന നിലയിൽ മെച്ചപ്പെടുത്തൽ വരുത്തിയിട്ടുണ്ട്. ചരക്കു സേവന നികുതി ശേഖരണ സൗകര്യം ഏർപ്പെടുത്തിയത് നിലവിലുള്ളതും പുതിയതുമായ ഉപഭോക്താക്കൾക്ക് വളരെ പ്രധാനപ്പെട്ട ഒരു സേവനം കൂടി ലഭ്യമാക്കുന്ന നീക്കമായിരുന്നു എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ബെൽസ്റ്റാർ മൈക്രോ ഫിനാൻസ് സ്വർണ പണയ സേവനം അവതരിപ്പിച്ചു

**കൊച്ചി:** മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡിൻറെ സബ്സിഡിയറിയും രാജ്യത്തെ ഏറ്റവും വലിയ പത്ത് മൈക്രോ ഫിനാൻസ് കമ്പനികളിൽ ഒന്നുമായ ബെൽസ്റ്റാർ മൈക്രോ ഫിനാൻസ് സ്വർണ പണയ വായ്പാ സംവിധാനം അവതരിപ്പിച്ചു. പ്രമോട്ടറായ മുത്തൂറ്റ് ഫിനാൻസിൻറെ വൈദഗ്ധ്യത്തിൻറെയും മാർഗനിർദ്ദേശങ്ങളുടേയും പിൻബലത്തോടു കൂടിയാണ് ഈ രംഗത്ത് ഉന്നത നിലവാരവും ഉപഭോക്താക്കൾക്കായി ഏഴു തട്ടിലുള്ള സുരക്ഷയും ഒരുക്കി സേവനങ്ങൾക്കു തുടക്കം കുറിക്കുന്നത്.

തമിഴ്നാട്ടിലെ ചെന്നൈ ബ്രിന്ദാവൻ നഗർ, തിരുവള്ളൂർ ജില്ലയിലെ തിരുവലങ്ങാട്, കർണാടകയിലെ ബിദ്രപൂർ കോളനി, ആന്ധ്രാ പ്രദേശിലെ നെല്ലൂർ സംഗം, തെലുങ്കാനയിലെ നിസാമാബാദ് വർണി എന്നിവിടങ്ങളിലായി അഞ്ചു ബ്രാഞ്ചുകളും ബെൽസ്റ്റാർ മൈക്രോഫിനാൻസ് ആരംഭിച്ചു. ഇതുവരെ സേവനങ്ങൾ എത്തിയിട്ടില്ലാത്ത വിപണികൾ വിശ്വസനീയവും സുരക്ഷിതവുമായ സ്വർണ പണയ വായ്പകളുമായി പ്രയോജനപ്പെടുത്തുകയാണ് ഈ നീക്കങ്ങളിലൂടെ ലക്ഷ്യമിടുന്നത്.

കുറഞ്ഞ തോതിൽ മാത്രം സേവനങ്ങൾ ലഭ്യമായ സമൂഹങ്ങളിൽ വിശ്വസനീയവും സുരക്ഷിതവുമായ സാമ്പത്തിക സേവനങ്ങൾ പ്രദാനം ചെയ്യാനുള്ള തങ്ങളുടെ പ്രതിബദ്ധതയാണ് സ്വർണ പണയ വായ്പ അവതരിപ്പിക്കുന്നതിലൂടെ തങ്ങൾ ചെയ്യുന്നതെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ ബെൽസ്റ്റാർ മൈക്രോഫിനാൻസ് മാനേജിങ് ഡയറക്ടർ ഡോ. കൽപന ശങ്കർ പറഞ്ഞു.

ഉയർന്ന നിലവാരത്തിലുള്ള സേവനവും സുരക്ഷിതത്വവും ഉറപ്പു നിലനിർത്താൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഉപഭോക്താക്കളുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാനാവും വിധം പ്രത്യേകമായി രൂപകൽപന ചെയ്തിട്ടുള്ളവയാണ് തങ്ങളുടെ സ്വർണ പണയ സേവനങ്ങളെന്നും ഡോ. കൽപന ചൂണ്ടിക്കാട്ടി.

മുത്തൂറ്റ് ഫിനാൻസിൻറെ പിന്തുണയോടെ തങ്ങളുടെ ഉപഭോക്താക്കൾക്ക് മേന്മയേറിയ സേവനങ്ങൾ ലഭ്യമാക്കുമെന്ന് ആത്മവിശ്വാസമുണ്ടെന്നും ഡോ. കൽപന കൂട്ടിച്ചേർത്തു.

### സംസ്ഥാനമൊട്ടാകെ 163458 സൂക്ഷ്മസംരംഭ യൂണിറ്റുകൾ

# 3.23 ലക്ഷം വനിതകൾക്ക് തൊഴിലൊരുക്കി കുടുംബശ്രീ

**തിരുവനന്തപുരം:** സംസ്ഥാനത്ത് സൂക്ഷ്മസംരംഭ മേഖലയിൽ 3.23 ലക്ഷം വനിതകൾക്ക് തൊഴിൽ ലഭ്യമാക്കി കുടുംബശ്രീ. ഒരു ലക്ഷത്തിലേറെ വ്യക്തിഗത സംരംഭങ്ങളും അമ്പതിനായിരത്തിലേറെ ഗ്രൂപ്പ് സംരംഭങ്ങളും ഉൾപ്പെടെ ആകെ 163458 സംരംഭങ്ങൾ ഈ മേഖലയിൽ രൂപീകരിച്ചതു വഴിയാണ് ഇത്രയും വനിതകൾക്ക് ഉപജീവന മാർഗമൊരുക്കിയത്. സൂക്ഷ്മസംരംഭ മേഖലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ ഭാഗമായാണ് സംരംഭ രൂപീകരണം. കൂടാതെ കഴിഞ്ഞ ഫെബ്രുവരിയിൽ ആരംഭിച്ച പ്രത്യേക ഉപജീവന ക്യാമ്പയിൻ കെലിഫ്റ്റ് വഴി രൂപീകരിച്ച 34422 സംരംഭങ്ങളും ഇതിൽ ഉൾപ്പെടും. ഇതിലൂടെ മാത്രം 61158 പേർക്കാണ് തൊഴിൽ ലഭിച്ചത്.സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിട്ടു കൊണ്ട് കുടുംബശ്രീ നടപ്പാക്കുന്ന സുപ്രധാന പദ്ധതിയാണ് സൂക്ഷ്മസംരംഭങ്ങൾ. വിവിധ പദ്ധതികളുടെ ഭാഗമായി ഉൽപാദന സേവന മേഖലകളിലടക്കം കുടുംബശ്രീ വനിതകൾക്ക് സ്വയംതൊഴിൽ ലഭ്യമാക്കുന്നു. ഉൽപാദന മേഖലയിലാണ് ഏറ്റവും കൂടുതൽ വനിതകൾ. 69484 സംരംഭങ്ങളാണ് ഈ മേഖലയിലുള്ളത്. അംഗൻവാടികളിലേക്ക് പൂരക പോഷകാഹാരം വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സ് തയ്യാറാക്കി നൽകുന്നത് കുടുംബശ്രീയുടെ കീഴിലുള്ള 241 യൂണിറ്റുകൾ മുഖേനയാണ്. 1680 വനിതകളാണ് ഈ രംഗത്ത് തൊഴിലെടുക്കുന്നത്.സേവന മേഖലയിൽ 49381ഉം വ്യാപാര രംഗത്ത് 35646 ഉം സംരംഭങ്ങളും രൂപീകരിച്ചിട്ടുണ്ട്. ഭക്ഷ്യോൽപാദനത്തിൽ നിന്നും മൂല്യവർദ്ധിത ഉൽപന്ന നിർമാണവും ഭക്ഷ്യസംസ്കരണവുമടക്കമുള്ള മേഖലകളിലും ശ്രദ്ധേയമായ ചുവട് വയ്പ്പ് നടത്താൻ കുടുംബശ്രീക്കായി. 2685 സംരംഭങ്ങൾ ഭക്ഷ്യ സംസ്ക്കരണ മേഖലയിൽ മാത്രമുണ്ട്.

സംസ്ഥാനത്ത് അജൈവ മാലിന്യ ശേഖരണത്തിനായി കുടുംബശ്രീയുടെ കീഴിൽ രൂപീകരിച്ച 4438 ഹരിത കർമ സേനകളിലെ 35214 വനിതകൾക്കും ഇന്ന് മികച്ച വരുമാനം ലഭിക്കുന്നുണ്ട്. ഇതു കൂടാതെ കെട്ടിട നിർമാണ യൂണിറ്റുകൾ, സിമൻറ് കട്ട നിർമാണം, കമ്പ്യൂട്ടർ ഹാർഡ്‌വെയർ, ഡ്രൈവിംഗ് സ്കൂൾ, മാര്യേജ് ബ്യൂറോ, ഹൗസ് കീപ്പിങ്ങ് തുടങ്ങിയ രംഗങ്ങളിലും കുടുംബശ്രീ സംരംഭകരുണ്ട്. യുവജനങ്ങൾക്കായി പി.എം യുവ, പദ്ധതിയും നടപ്പാക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ടവർ അംഗപരിമിതർ, വിധവകൾ എന്നിവർക്കായി 1784 പ്രത്യാശ'യൂണിറ്റുകളും സംസ്ഥാനത്തുണ്ട്. പാവപ്പെട്ടവർക്ക് 20 രൂപയ്ക്ക് ഗുണനിലവാരമുള്ള ഉച്ചഭക്ഷണം ലഭ്യമാക്കുന്ന 1028 ജനകീയ ഹോട്ടലുകൾ നടത്തുന്നതിലൂടെ അയ്യായിരത്തോളം വനിതകൾക്ക് തൊഴിൽ ലഭിക്കുന്നു.

കാലാനുസൃതമായി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വനിതകളുടെ സംരംഭകത്വ ശേഷി വികസിപ്പിക്കുന്നതിനും കുടുംബശ്രീ പ്രത്യേക പരിഗണന നൽകുന്നു. സംസ്ഥാനമൊട്ടാകെ ആരംഭിച്ച 288 ബ്രാൻഡഡ് കഫേ, 13 ജില്ലകളിൽ ആരംഭിച്ച പ്രീമിയം കഫേ റെസ്റ്റൊറൻറുകൾ എന്നിവയാണ് ഇതിൽ പ്രധാനം. വയോജന രോഗീപരിചരണ മേഖലയിൽ ലഭ്യമാകുന്ന തൊഴിലവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ആവിഷ്ക്കരിച്ച കെ4കെയർ പദ്ധതിയാണ് മറ്റൊന്ന്. ഇതിലൂടെ 605 പേർക്ക് ഇതിനകം തൊഴിൽ ലഭിച്ചു.

ഇതര വകുപ്പുകളുമായും ഏജൻസികളുമായും സംയോജിച്ചു കൊണ്ട് നടപ്പാക്കുന്ന വിവിധ പദ്ധതികളും കുടുംബശ്രീയുടെ കീഴിലുണ്ട്. മോട്ടോർ വെഹിക്കിൾ വകുപ്പുമായി ചേർന്ന് 51 ഇസേവാ കേന്ദ്രങ്ങൾ നടത്തുന്നുണ്ട്. വിവിധ സർക്കാർ വകുപ്പുകളിലും ഓഫീസുകളിലായി 343 കാൻറീനുകളും ഉണ്ട്. നിലവിൽ വിവിധ വകുപ്പുകളുമായി സഹകരിച്ച് എഴുപതോളം പദ്ധതികളാണ് കുടുംബശ്രീ നടപ്പാക്കുന്നത്.

സ്വയംതൊഴിൽ മേഖലയിലേക്ക് കടന്നു വരുന്ന വനിതകൾക്ക് പൊതു അവബോധന പരിശീലനം, സംരംഭകത്വ വികസന പരിശീലനം, നൈപുണ്യ വികസന പരിശീലനം, വിവിധ സാമ്പത്തിക പിന്തുണകൾ എന്നിവയും കുടുംബശ്രീ ലഭ്യമാക്കുന്നു.

# ടാറ്റാ എഐജി മെഡികെയർ സെലക്റ്റ് ഹെൽത്ത് പ്ലാൻ അവതരിപ്പിച്ചു

**കൊച്ചി:** ടാറ്റാ എഐജി ജനറൽ ഇൻഷൂറൻസ് കമ്പനി തങ്ങളുടെ പുതുതലമുറ ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയായ മെഡികെയർ സെലക്റ്റ് വിപണിയിലവതരിപ്പിച്ചു.

ഒരു പോളിസി വർഷത്തിൽ തന്നെ പരിരക്ഷാ തുക പരിധിയില്ലാതെ പുനസ്ഥാപിക്കാൻ സഹായിക്കുന്ന റിസ്റ്റോർ ഇൻഫിനിറ്റി പ്ലസ് ഫീച്ചർ, പോളിസി കാലാവധിക്കുള്ളിൽ ഒരു ക്ലെയിം പരിരക്ഷാ തുകയുടെ പരിധിയില്ലാതെ അനുവദിക്കുന്ന ഇൻഫിനിറ്റ് അഡ്വാൻറേജ്, പ്രസവ വേളയിലെ സങ്കീർണതകൾ, നവജാത ശിശുവിൻറെ ആദ്യ വർഷത്തെ വാക്സിനേഷൻ തുടങ്ങിയവ ഉൾപ്പെടെയുള്ള പരിചരണങ്ങൾ ലഭ്യമാക്കുന്ന മെറ്റേണിറ്റി കെയർ എന്നിവയാണ് മെഡികെയർ സെലക്റ്റിൻറെ മുഖ്യ സവിശേഷതകൾ.

കൂടാതെ ദന്ത പരിചരണം, ടെലി കൺസൾട്ടേഷൻ, കാഴ്ചാ പരിചരണം തുടങ്ങിയവ ഉൾപ്പെടെയുള്ള ഔട്ട് പേഷ്യൻറ് ചികിൽസകൾക്കു പരിചരണം ലഭിക്കുന്ന ഒപിഡി കെയർ റൈഡർ, ശമ്പളക്കാരായ വ്യക്തികൾക്കു പ്രീമിയത്തിൽ 7.5 ശതമാനം

TATA AIG INSURANCE
WITH YOU ALWAYS

ഇളവു ലഭിക്കുന്ന പ്രൊഫഷണൽ ബെനഫിറ്റ് എന്നിവയും ഉപയോക്താക്കൾക്ക് തെരഞ്ഞെടുക്കാം

ടാറ്റാ എഐജി തങ്ങളുടെ ആശുപത്രികളുടെ ശൃംഖല നിലവിലെ 11,500 ൽ നിന്ന് 2027 സാമ്പത്തിക വർഷത്തോടെ 14,000 ആയി ഉയർത്താനും ലക്ഷ്യമിടുന്നുണ്ട്. ഇക്കാലയളവിൽ തങ്ങളുടെ ആരോഗ്യ ഇൻഷൂറൻസിൻറെ 35 ശതമാനവും ചെറുകിട, ഇടത്തരം പട്ടണങ്ങളിൽ നിന്നായിരിക്കുമെന്നും കമ്പനി പ്രതീക്ഷിക്കുന്നു. നിലവിലിത് 26 ശതമാനമാണ്.

മൂല്യവും വൈവിധ്യവും സേവനങ്ങളും സംയോജിതമായി ലഭ്യമാക്കി ഇക്കാലത്തെ ഉപഭോക്താക്കളുടെ മാറിക്കൊണ്ടിരിക്കുന്ന ആരോഗ്യ സേവന ആവശ്യങ്ങൾ നിറവേറ്റുന്ന അർത്ഥവത്തായ പരിരക്ഷയാണ് മെഡികെയർ സെലക്റ്റ് ലഭ്യമാക്കുന്നതെന്ന് ടാറ്റാ എഐജി ജനറൽ ഇൻഷൂറൻസ് കമ്പനി ചീഫ് അണ്ടർറൈറ്റിങ് ആൻറ് ഡേറ്റാ സയൻസ് ഓഫിസർ നീൽ ഛെദ്ദ പറഞ്ഞു. ചികിൽസാ ചെലവുകൾ വർധിക്കുകയും പുതിയ ആരോഗ്യ സാഹചര്യങ്ങൾ ഉടലെടുക്കുകയും ചെയ്യുമ്പോൾ വ്യക്തികൾക്കും കുടുംബങ്ങൾക്കും വിട്ടുവീഴ്ചകൾ ചെയ്യാതെ പരിരക്ഷയുമായി തുടരാൻ ഈ പദ്ധതി സഹായിക്കും. റീട്ടെയിൽ ആരോഗ്യ ഇൻഷൂറൻസ് മേഖലയിലെ തങ്ങളുടെ പദ്ധതികൾ കൂടുതലായി സ്വീകരിക്കപ്പെടുന്നതാണ് കഴിഞ്ഞ മൂന്നു വർഷങ്ങളായി കാണുന്നത്. കൂടുതൽ പ്രദേശങ്ങളിലേക്കും വിഭാഗങ്ങളിലേക്കും എത്താൻ ഈ പദ്ധതിയുടെ അവതരണം തങ്ങളെ സഹായിക്കും. ഗുണമേൻമയുള്ള ആരോഗ്യ സേവനം ഇതിലൂടെ കൂടുതൽ പേർക്കു ലഭ്യമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# സിഎസ്ആർ സംരംഭത്തിന്റെ ഭാഗമായി ഐഡിബിഐ ബാങ്ക് ആർസിസിയുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു

**കൊച്ചി:** ആർസിസിയിൽ മെച്ചപ്പെടുത്തിയ കാൻസർ ചികിത്സാ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനുമായി ഐഡിബിഐ ബാങ്കും തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെന്ററും (ആർസിസി) 2025 ഏപ്രിൽ 16 ന് ഒരു ധാരണാപത്രത്തിൽ ഒപ്പുവച്ചു. ഐഡിബിഐ ബാങ്ക് കൊച്ചി സോണിലെ സിജിഎം ശ്രീ രാജേഷ് മോഹൻ ഝാ, ആർസിസി ഡയറക്ടർ ഡോ. രേഖ എ. നായർ എന്നിവർ ഐഡിബിഐ ബാങ്ക് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ശ്രീ ജയകുമാർ എസ്. പിള്ളയുടെ സാന്നിധ്യത്തിൽ ധാരണാപത്രം ഒപ്പുവച്ചു. ആർസിസി അഡീഷണൽ ഡയറക്ടർ ഡോ. സജീദ് എ, ഐഡിബിഐ ബാങ്ക് കൊച്ചി സോണിലെ ജിഎം ശ്രീ ഷിജു വർഗീസ്, ഐഡിബിഐ ബാങ്ക്, ആർസിസി എന്നിവിടങ്ങളിലെ മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

# പുതിയ ഡീമാറ്റ് അക്കൗണ്ടുകളിൽ 40 ശതമാനവും ഗ്രോയിലൂടെ

കൊച്ചി: കഴിഞ്ഞ സാമ്പത്തിക വർഷം എൻഎസ്ഇയിൽ ആരംഭിച്ച 84 ലക്ഷം പുതിയ ഡീമാറ്റ് അക്കൗണ്ടുകളിൽ 40 ശതമാനവും ഇന്ത്യയിലെ ഏറ്റവും വേഗത്തിൽ വളരുന്ന ബ്രോക്കിങ് പ്ലാറ്റ്ഫോമായ ഗ്രോ വഴിയായിരുന്നു. അക്കൗണ്ടുകളുടെ കാര്യത്തിൽ 20.5 ശതമാനം വളർച്ച കൈവരിച്ച എൻഎസ്ഇയിൽ 4.92 കോടി സജീവ ഡീമാറ്റ് അക്കൗണ്ടുകളാണുള്ളത്. ഇതിൽ മുൻനിരയിൽ നിൽക്കുന്ന വിധമാണ് ഗ്രോ പുതിയ അക്കൗണ്ടുകളുടെ ഗണ്യമായ ഭാഗം സംഭാവന ചെയ്തിരിക്കുന്നത്.2024 മാർച്ചിൽ 95 ലക്ഷമായിരുന്ന ഗ്രോയുടെ ഉപഭോക്തൃ നിര 2025 മാർച്ചിൽ 1.29 കോടിയിലെത്തിയെന്ന് എൻഎസ്ഇയുടെ ഡാറ്റ ചൂണ്ടിക്കാട്ടുന്നു. ഇക്കാലയളവിൽ വിപണി വിഹിതം 23.28 ശതമാനത്തിൽ നിന്ന് 26.26 ശതമാനമായി വർധിച്ചു. ഇന്ത്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ ബ്രോക്കറായ സെറോദ എൻഎസ്ഇയുടെ ആകെ വളർച്ചയിൽ 6.9 ശതമാനം സംഭാവന ചെയ്തു കൊണ്ട് 5.8 ലക്ഷം അക്കൗണ്ടുകളാണ് കഴിഞ്ഞ സാമ്പത്തിക വർഷം കൂട്ടിച്ചേർത്തത്. 2025 ജനുവരിയിൽ എൻഎസ്ഇ എക്കാലത്തേയും ഉയർന്ന നിലയായ 5.02 കോടി സജീവ ഡീമാറ്റ് അക്കൗണ്ടുകൾ എന്ന നിലയിലെത്തിയിരുന്നു. എന്നാൽ വിപണി ചാഞ്ചാട്ടങ്ങൾ മൂലം തുടർന്നുള്ള രണ്ടു മാസങ്ങളിൽ ചെറിയ തോതിലെ ഇടിവും ഇതിലുണ്ടായി.

# ലെൻസ്കാർട്ട് സൗജന്യ ലെൻസ് റീപ്ലേസ്മെന്റ് പ്രോഗ്രാമിന് തുടക്കം കുറിച്ചു

**കൊച്ചി :** ഇന്ത്യക്കാരിൽ വലിയൊരു വിഭാഗം കാലഹരണപ്പെട്ട കുറിപ്പടികൾ അനുസരിച്ചുള്ള കണ്ണടകളാണ് ഇപ്പോഴും ധരിക്കുന്നത്. പുതിയ ലെൻസുകൾക്കും ഫ്രെയിമുകൾക്കും വില കൂടുതലായതിനാൽ കുറിപ്പടി പ്രകാരം ലെൻസ് മാറ്റുന്നതിന് പലപ്പോഴും കാലതാമസം നേരിടുന്നു. ഇവയ്ക്ക് 1,500 രൂപ മുതൽ 5,000 രൂപ വരെ ചിലവ് വരും. അവഗണിക്കപ്പെടുന്ന ഈ നേത്രാരോഗ്യ പ്രശ്നം പരിഹരിക്കാനായി ലെൻസ്കാർട്ട് ഒരു സൗജന്യ ലെൻസ് റീപ്ലേസ്മെന്റ് പ്രോഗ്രാമിന് തുടക്കംകുറിച്ചു. ദശലക്ഷക്കണക്കിന് ആളുകൾക്ക് അവശ്യമായ കാഴ്ച പരിചരണം കൂടുതൽ പ്രാപ്യമാക്കുന്നതിനായി രൂപകൽപ്പന ചെയ്ത ഇത്തരത്തിലുള്ള ആദ്യത്തെ സംരംഭമാണിത്. രാജ്യമെമ്പാടുമുള്ള ലെൻസ്കാർട്ടിന്റെ 2000ൽപ്പരം സ്റ്റോറുകളിൽ ലഭ്യമായ ഈ പ്രോഗ്രാം ഏത് ബ്രാൻഡ് ഫ്രെയിമുകൾക്കും സൗജന്യ ലെൻസ് റീപ്ലേസ്മെന്റ് വാഗ്ദാനം ചെയ്യുന്നു, പ്രൊഫഷണൽ ഫിറ്റിംഗിന് വെറും 199 രൂപയാണ് ചെലവ്.




# സമ്പൽപൂർ ഐഐഎമ്മിന്റെ ഒൻപതാം വാർഷിക ബിരുദദാനത്തിൽ 60 ശതമാനം വനിതാ ബിരുദധാരികൾ

**കൊച്ചി:** രാജ്യത്തെ മുൻനിര മാനേജ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ഒന്നായ ഐഐഎം സമ്പൽപൂരിൻറെ ഒൻപതാമത് വാർഷിക കോൺവക്കേഷനിൽ 370 വിദ്യാർത്ഥികൾ പങ്കെടുത്തു. എംബിഎ ഒൻപതാം ബാച്ചിലെ 316 പേർ, എക്സിക്യൂട്ടീവ് എംബിഎ രണ്ടാം ബാച്ചിലെ 38 പേർ, വർക്കിങ് പ്രൊഫഷണൽസ് എംബിഎയിലെ പത്തു പേർ, ആറു പിഎച്ച്ഡി ഗവേഷകർ തുടങ്ങിയവരാണ് തങ്ങളുടെ വിദ്യാഭ്യാസ രംഗത്തെ നാഴികക്കല്ലു പിന്നിട്ടത്. വർക്കിങ് പ്രൊഫഷണൽസ് എംബിഎ പൂർത്തിയാക്കിയ എൺപതുകാരനായ സംരംഭകൻ ജി എം ഗുപ്ത ഇക്കൂട്ടർക്കിടയിൽ ശ്രദ്ധേയനായി. പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി പ്രമോദ് കുമാർ മിശ്ര ചടങ്ങിൽ പങ്കെടുത്തു.

ഇന്ത്യയിലെ ബിസിനസ് സ്കൂളുകളുടെ ചരിത്രത്തിൽ ഇതാദ്യമായി ഐഐഎം സമ്പൽപൂരിലെ ഇത്തവണത്തെ ബിരുദദാന ചടങ്ങിൽ പങ്കെടുത്തവരിൽ 60 ശതമാനം പേരും വനിതകളായിരുന്നു എന്ന് ഐഐഎം സമ്പൽപൂർ ഡയറക്ടർ പ്രൊഫസർ മഹാദിയോ ജെയ്സ്വാൾ പറഞ്ഞു.

